# വെളിച്ചം

## ഡിജിറ്റൽ മാഗസിൻ

ഗവൺമെന്റ് ബ്രണ്ണൻ ഹയർ സെക്കന്ററി സ്കൂൾ , തലശ്ശേരി

ലിറ്റിൽ കൈറ്റ്സ്

2023 -24

ലോകം മാറ്റി മറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന

ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം

-- നെൽസൺ മണ്ടേല

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റേർസ്**

സൂര്യദേവ്
അർഷിത

**സബ് എഡിററർസ്**

ആയിഷ സാറ
ശിവദ എം
റിഷിത
ശിവദ കെ കെ
കൈലാസ്
മുഹമ്മദ് റസിൻ
ആദിഷ്
അദീൻ മുഹമ്മദ്
മുഹമ്മദ് നാജിൽ
നിരഞ്ജൻ ദിനേഷ്

## ലിറ്റിൽ കൈറ്റ്സ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണ് എന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടു വന്നിട്ടുണ്ട്. ഇത്തരമൊരു പ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കുവഹിക്കാനാകും. ഈ ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയായാണ് ഹൈടെക് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മയായ “ലിറ്റിൽ കൈറ്റ്സ് “. സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുകയാണ് ഈ കൂട്ടായ്മ ലക്ഷ്യമിടുന്നത്.

# താളുകളിലൂടെ


| ക്രമ നമ്പർ | താളുകൾ | പേജ് |
|---|---|---|
| 1. | ഹരിതവിപ്ലവത്തിന്റെ നായകൻ | 5 |
| 2. | ഒറ്റപ്പെടൽ | 6 |
| 3. | എൻമകജെ (പുസ്തകാസ്വാദനം) | 7 |
| 4 | തണ്ണീർത്തടങ്ങൾ | 8 |
| 5 | ശ്രീനിവാസ രാമാനുജൻ | 10 |
| 6 | നിലാവെളിച്ചം | 11 |
| 7 | ചീറ്റ @ കുനോ | 12 |
| 8 | തെരുവിന്റെ മക്കൾക്ക് ഒരു കൈത്താങ്ങ് | 13 |
| 9 | അച്ഛൻ | 14 |
| 10 | എന്റെ യാത്ര | 15 |
| 11 | ചാറ്റ് ജിപിടി | 16 |
| 12 | നാലുമണിപ്പൂവ് | 17 |
| 13 | നിനക്കായ് | 18 |
| 14 | പുസ്തകാസ്വാദനം | 19 |
| 15 | മരം | 20 |
| 16 | മരുഭൂമിയിലെ നായകൻമാർ | 21 |
| 17 | ഒച്ചയില്ലാത്ത നിലവിളികൾ | 22 |
| 18 | അണ്ടലൂർ മഹോത്സവം | 23 |
| 19 | ജീവിതശൈലീരോഗങ്ങൾ | 24 |
| 20 | പ്രകൃതിയുടെ തീരാദുഖങ്ങൾ | 25 |

# ഹരിതവിപ്ലവത്തിന്റെ നായകൻ

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവും പ്രമുഖ കാർഷിക ശാസ്ത്രജ്ഞനുമായ എം എസ് സ്വാമിനാഥൻ 2023 സെപ്റ്റംബർ 28ന് ഓർമയായി .ഇന്ത്യയെ കാർഷിക സ്വയംപര്യാപ്തതയിലേക്ക് നയിച്ചതിൽ നിർണായക സംഭാവന നൽകിയ പ്രതിഭയാണ് അദ്ദേഹം .

1925 ഓഗസ്റ്റ് ഏഴിന് തമിഴ്നാട്ടിലെ കുംഭകോണത്ത് ഡോക്ടർ എം കെ സാംബശിവന്റെയും പാർവതി തങ്കം മാളിന്റെയും മകനായാണ് സ്വാമിനാഥൻ ജനിച്ചത് .ഡോക്ടറായ അച്ഛൻ മകനെ ഡോക്ടറാക്കാൻ ആഗ്രഹിച്ചെങ്കിലും സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഇന്ത്യയിൽ ഉണ്ടായ ഭക്ഷ്യക്ഷാമം കാർഷിക ഗവേഷണ മേഖലയിൽ പ്രവർത്തിക്കാനാണ് സ്വാമിനാഥനെ പ്രേരിപ്പിച്ചത് .1943 ലെ ബംഗാൾ ക്ഷേമത്തിന് സാക്ഷ്യം



വഹിച്ച അദ്ദേഹം ,ഭക്ഷ്യക്ഷാമം നേരിടാൻ ഇന്ത്യയുടെ കൃഷിരീതികൾ മെച്ചപ്പെടുത്തുന്നതിനായി തന്റെ ജീവിതം സമർപ്പിച്ചു. കുംഭകോണത്തിൽ ലിറ്റിൽ ഫ്ലവർ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്വാമിനാഥൻ തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്ന് ജന്തുശാസ്ത്രത്തിൽ ബിരുദം നേടുകയും തുടർന്ന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ജനിറ്റിക്സ് ആൻഡ് പ്ലാന്റ് ബ്രീഡിങ്ങിൽ തുടർ പഠനം നടത്തുകയും ചെയ്തു .അതോടെ ലോകത്തെ അറിയപ്പെടുന്ന കാർഷിക ശാസ്ത്രജ്ഞനായി അദ്ദേഹം വളർന്നു .രണ്ടുവർഷത്തിനുശേഷം ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ അദ്ദേഹം ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ തന്റെ ഗവേഷണം തുടർന്നു .

ലോക ഹരിത വിപ്ലവത്തിന്റെ പിതാവായ ഡോക്ടർ നോർമൻ ബോർലോഗ് വികസിപ്പിച്ചെടുത്ത മെക്സിക്കൻ കുള്ളൻ ഗോതമ്പ് ഇനങ്ങളെ കുറിച്ച് മനസ്സിലാക്കുകയും ഡോക്ടർ ബോർലോഗിനൊപ്പം ഗോതമ്പ് ഇനങ്ങളെ കുറിച്ചുള്ള ഗവേഷണംതുടരുകയും ചെയ്തു . അത്യാധുനിക കാർഷിക സാങ്കേതികവിദ്യ ഉപയോഗിച്ച് കർഷകരെ ശാക്തീകരിക്കുന്നതിന് ഉയർന്ന വിളവ് നൽകുന്ന വ്യത്യസ്തയിനം ഗോതമ്പിനങ്ങൾ, ഇന്ത്യൻ മണ്ണിന് അനുയോജ്യമായ വളങ്ങൾ, കാര്യക്ഷമമായി കൃഷി രീതികൾ , കീട നിയന്ത്രണം എന്നിവയിൽ ഗവേഷണം നടത്തി . രാജ്യത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ അത്യുൽപാദനശേഷിയുള്ള ഗോതമ്പ് വിത്തുകൾ വികസിപ്പിച്ചെടുക്കുകയും കർഷകർക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു . ഹരിതവിപ്ലവത്തിലേക്കുള്ള സുപ്രധാന കാൽവെപ്പ് ആയിരുന്നു അത് .ഗോതമ്പ് വിളവെടുപ്പ് ആദ്യവർഷം തന്നെ മൂന്നിരട്ടിയാക്കി കാർഷിക മേഖലയിൽ ഇന്ത്യയുടെ സുവർണ കാലത്തിന്റെ തുടക്കം കുറിച്ചു.

1979- 82 കാലഘട്ടത്തിൽ ഐ സി എ ആറിന്റെ ഡയറക്ടർ ജനറലായി നിയമത്തിനായി ഡോക്ടർ സ്വാമിനാഥൻ കാലാവസ്ഥയെയും വിളരീതികളെയും കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുകയാണ് ഉണ്ടായത് .ഇന്ത്യയുടെ ദീർഘകാല ഭക്ഷ്യ പര്യാപ്തത നിലനിർത്തുന്നതിനുള്ള കാർഷിക നയം രൂപീകരിക്കുന്നതിലും അദ്ദേഹം പങ്കുവഹിച്ചു . 1982 ഫിലിപ്പൈൻസിലെ ഇൻറർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(IRRI) ഡയറക്ടർ ജനറൽ ആകുന്ന ആദ്യത്തെ ഏഷ്യക്കാരനായി .നെൽകൃഷിയിൽ സ്ത്രീ കർഷകരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു . 1987 ആദ്യത്തെ ലോക ഭക്ഷ്യ പുരസ്കാരത്തിന് അർഹനായി . അവാർഡ് തുക ഉപയോഗിച്ച് ചെന്നൈയിൽ എംഎസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിച്ചു .ഇന്ത്യൻ ജനതയുടെ പട്ടിണി മാറ്റുന്നതിനും ഭക്ഷ്യ പര്യാപ്തത ഉറപ്പുവരുത്തുന്നതിന് തീവ്രശ്രമം നടത്തിയ അദ്ദേഹത്തിന് നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചു.



- ആദിഷ്‌ പി 9D

കവിത

# ഒറ്റപ്പെടൽ

ഈ മഴത്തുള്ളികൾ മണ്ണിലേക്ക്
അലിഞ്ഞുചേരുന്ന നിമിഷം
മണ്ണിൻറെ മനമയക്കുന്ന
സുഗന്ധം എന്നെ വീണ്ടും
ഓർമിപ്പിക്കുന്നു
ഞാൻ ഒറ്റയ്ക്കാണ്
എന്റെ മനസ്സിലെ ഇരുൾ മറഞ്ഞ
രാത്രികൾ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു
ഞാൻ ഒറ്റയ്ക്കാണ്
ജീവിതത്തിൻറെ ഇടവഴികളിൽ
ഞാൻ ഇന്നും തനിച്ചാണ്
എൻറെ ജീവിതത്തിലെ ഒറ്റപ്പെടൽ
എപ്പോൾ അവസാനിക്കും എന്ന് എനിക്കറിയില്ല
ആഗ്രഹമുണ്ടെനിക്കൊരിക്കൽ..........
പക്ഷേ എന്റെ ജീവിതത്തിലെ
തീരാദുഃഖമായ് ഈ ഒറ്റപ്പെടൽ

ശ്രീനന്ദ
8C

പുസ്തകാസ്വാദനം

# എൻമകജെ

ആധുനിക മലയാളസാഹിത്യത്തിൽ എഴുത്തിന്റെ പോർ മുഖം തുറന്ന വാക്കുകളെ തിന്മകൾക്കെതിരായുള്ള പോരാട്ടത്തിന്റെ ആയുധമാക്കിയവരിൽ പ്രമുഖനാണ് അംബികാസുതൻ മാങ്ങാട്.കൊതിയും അത്യാഗ്രഹവും മൂത്ത മനുഷ്യരുടെ അന്ധമായ ഇടപെടൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ദുരന്തത്തിന്റെ കരളുരുക്കുന്ന കാഴ്ചയാണ് എൻമകജെ.എൻഡോസൾഫാൻ എന്ന മാരക കീടനാശിനി കാർന്നുതിന്ന ഒരു നാടിൻറെ വഴികളിലൂടെ നടത്തിയ യാത്ര കാസർകോട്ട് എൻമകജെ എന്ന ഗ്രാമത്തിലെ യാഥാർത്ഥ്യം പുറത്തെത്തിച്ച കൃതി. എൻമകജെ ഒരു സങ്കല്പ ഗ്രാമമല്ല.കാസർകോട് നിന്ന് ബസ് കയറിയാൽ നിറഞ്ഞ  പച്ചപ്പുകളുടെയും കാടുകളുടെയും ഇടയിലൂടെ ബസ് ഓടിക്കൊണ്ടിരിക്കും.കവലയിൽ എത്തിയാൽ ഒരു ചെക്ക് പോസ്റ്റ് ഉണ്ട്.അവിടെ റോഡിൽ പച്ചനിറമുള്ള വലിയ ബോർഡിലെ ആ വെളുത്ത അക്ഷരങ്ങൾ നമുക്ക് കാണാം .എൻമകജെയിലേക്ക് സ്വാഗതം.

എൻമകജെയിൽ നിന്ന് കുറച്ചുകൂടി പോയാലുള്ള നാടിൻറെ പേരാണ് സ്വർഗ്ഗ. അതെ,ഭൂമിയിലെ യഥാർത്ഥ സ്വർഗ്ഗം.നീലകണ്ഠൻ ,ദേവയാനി എന്നീ കേന്ദ്ര കഥാപാത്രങ്ങളിലൂടെ ആണ് എൻമകജെയിലെ കഥ വളരുന്നത്. വിഷവിത്തിൽ തകർന്നടിഞ്ഞ ജീവിതങ്ങളെയും ഈ നോവലിൽ കാണാം. ഒടുവിൽ സ്ത്രീയും പുരുഷനും മനുഷ്യന്റെ കപടതകളിൽ നിന്ന് വിട്ടു, കാട്ടുമൃഗങ്ങളെ സഹവാസികൾ ആക്കി കാടിന്റെ വന്യതയിലേക്ക് അവർ മറയുന്നിടത്ത് നോവൽ അവസാനിക്കുന്നു.പ്രകൃതിക്കും മനുഷ്യനും തമ്മിലുള്ള ആത്മാർത്ഥ ബന്ധത്തിന്റെ കഥ കൂടിയാണ് എൻമകജെ പറയുന്നത്.

മനുഷ്യനില്ലാത്ത എവിടെയെങ്കിലും പോയി ജീവിക്കാൻ ഉറച്ച ഒരു സ്ത്രീയും പുരുഷനും യാദൃശ്ചികമായി  എത്തിപ്പെടുന്നത് സ്വർഗയിലും. മരങ്ങളെ വളർത്തിയും മൃഗങ്ങളെ ശുശ്രൂഷിച്ചും ആണ് അവരുടെ വരവ് .ലക്ഷ്യം അവരിൽനിന്ന് അകന്നു പോകുന്നതിന്റെ ചരിത്രം .എൻഡോസൾഫാൻ എന്ന വിഷത്തിന്റെ ഇരകളായി തീർന്ന ഒരു കൂട്ടം കുഞ്ഞുങ്ങളെയും മൃഗങ്ങളെയും വെള്ളത്തെയും ആണ് അവർ അഭിമുഖീകരിക്കുന്നത് .രണ്ടായിരത്തിനു മുമ്പുള്ള സ്വർഗ്ഗയുടെ ചരിത്രമാണിത്. കഴിഞ്ഞ ഒന്നര ദശകത്തിനിടെ എൻഡോസൾഫാൻ നിരോധിക്കപ്പെടാൻ കാരണമായ ജനകീയ മുന്നേറ്റത്തിൽ നിർണായ സ്ഥാനമുണ്ട് ഈ പുസ്തകത്തിന് .മനുഷ്യസ്നേഹികളും സാമൂഹിക പ്രവർത്തകരും ഉൾപ്പെടെയുള്ളവരെ സമരമുഖത്തെക്കാനയിച്ച അപൂർവ്വ പുസ്തകം.

ഹാനിയ അഷ്റഫ്
10C



# തണ്ണീർത്തടങ്ങൾ

ഭൂമിയുടെ വൃക്കകളെ എന്നറിയപ്പെടുന്ന തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം വളരെ വലുതാണ്. ജലാശയങ്ങൾക്കും കരഭൂമിക്കും ഇടയിലുള്ള സവിശേഷ ഭൂഭാഗമാണ് തണ്ണീർത്തടങ്ങൾ .മഴക്കാലത്ത് അമിതമായി എത്തുന്ന വെള്ളത്തെ ഒരു സ്പോഞ്ച് പോലെ പിടിച്ചുനിർത്താനും മഴ കുറയുന്ന കാലത്ത് പതുക്കെ പതുക്കെ വിട്ടു കൊടുക്കാനും ഈ ഭൂഭാഗത്തിന് കഴിയും. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനും പരിസ്ഥിതിനിലവാരം നിലനിർത്തുന്നതിനും തണ്ണീർത്തടങ്ങൾ പ്രധാന പങ്കുവഹിക്കുന്നു .മലിനജലം ശുദ്ധീകരിച്ച് ജീവജാലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാൽ തണ്ണീർത്തടങ്ങളെ ഭൂമിയുടെ വൃക്കകൾ എന്ന് വിശേഷിപ്പിക്കുന്നു. വിവിധയിനം പക്ഷികളുടെയും മത്സ്യങ്ങളുടെയും പ്രധാന ആവാസ വ്യവസ്ഥയാണ് ഇവ. വെള്ളപ്പൊക്കനിയന്ത്രണം ,ഭക്ഷ്യോൽപാദനം ,കൊടുങ്കാറ്റിൽ നിന്ന് സംരക്ഷണം, ജലശുദ്ധീകരണം തുടങ്ങിയ നിരവധി ധർമ്മം നിർവഹിക്കുന്നതോടൊപ്പം ജൈവവൈവിധ്യം നിലനിർത്തുകയും ചെയ്യുന്ന പാരിസ്ഥിതി വ്യവസ്ഥയാണ് ഇവ .

## തണ്ണീർത്തടങ്ങൾക്കായി ഒരു ദിനം

കൃഷി ആവശ്യങ്ങൾക്ക് മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനിയന്ത്രിതമായി തണ്ണീർത്തടങ്ങൾ നികത്തുന്നത് ചില ജീവജാതികളുടെ പ്രത്യേകിച്ച് നീർപക്ഷികളുടെ നിലനിൽപ്പിനെ ബാധിക്കുന്നുവെന്ന് തിരിച്ചറിയുകയുണ്ടായി .UNESCO യുടെ ആഭിമുഖ്യത്തിൽ ഇറാനിലെ റാംസർ എന്ന നഗരത്തിൽ വച്ച് തണ്ണീർത്തടങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ഒരു കൺവെൻഷൻ നടക്കുകയുണ്ടായി .1971 ഫെബ്രുവരി രണ്ടിന് നീർത്തട സംരക്ഷണത്തിന് ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ഒരു ഉടമ്പടി ഉണ്ടാക്കി .ഭാരതം ഉൾപ്പെടെ 169 രാജ്യങ്ങൾ ഉടമ്പടിയിൽ ഒപ്പുവച്ചു .തണ്ണീർത്തടങ്ങളുടെ യുക്തിസഹമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക ,അന്തർദേശീയ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളെ പട്ടികപ്പെടുത്തുക , തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് അന്താരാഷ്ട്ര സഹകരണം ഉറപ്പുവരുത്തുക എന്നീ ധർമ്മങ്ങളാണ് റാംസർ കൺവെൻഷൻ ലക്ഷ്യമിട്ടത് .റാംസർ ഉടമ്പടി അംഗീകരിച്ച തീയതിയുടെ സ്മരണാർത്ഥം , തണ്ണീർത്തടങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അവബോധം വളർത്തുന്നതിനായി എല്ലാവർഷവും ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനമായി ആചരിക്കുന്നു .റംസാർ ഉടമ്പടി പ്രകാരം 'സ്ഥിരമോ താൽക്കാലികമോ ഒഴുകുന്നതോ കെട്ടിക്കിടക്കുന്നതോ പ്രകൃതിജന്യമോ മനുഷ്യനിർമ്മിതമോ ആയതും ശുദ്ധജലമോ ഉപ്പ് ജലമോ ഉള്ളതും വേലിയിറക്ക സമയത്ത് ആറ് മീറ്ററിൽ അധികം ആഴമില്ലാത്തതുമായ എല്ലാത്തരം ജലമേഖലകളും' തണ്ണീർത്തടം എന്ന പരിസ്ഥിതി വ്യൂഹ ത്തിൽ ഉൾപ്പെടുന്നു. നദീതീര തണ്ണീർത്തടങ്ങൾ, ,സമുദ്ര തണ്ണീർത്തടങ്ങൾ ,ചതുപ്പ് തണ്ണീർത്തടങ്ങൾ ,തടാക തണ്ണീർത്തടങ്ങൾ നീരുറവുകൾ ,കൃത്രിമമായി നിർമ്മിക്കപ്പെടുന്ന ജലസംഭരണികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഇവ ഉൾപ്പെടുന്നു. ലോകമൊട്ടാകെ 2471 തണ്ണീർത്തടങ്ങൾ റംസാർ സൈറ്റുകളെ പ്രഖ്യാപിച്ച് പ്രത്യേക സംരക്ഷണം നടപടികൾ സ്വീകരിച്ചു വരുന്നു .ഇന്ത്യയിൽ ഇപ്പോൾ 75 റാംസർ സൈറ്റുകൾ ഉണ്ട് .അവയിൽ മൂന്നെണ്ണം കേരളത്തിലാണ്.... വേമ്പനാട്ട് കോൾനിലങ്ങൾ ,അഷ്ടമുടിക്കായൽ, ശാസ്താംകോട്ടക്കായൽ .

# തണ്ണീർത്തടങ്ങളുടെ പ്രാധാന്യം

### ജീവജാലങ്ങളുടെ ആവാസ കേന്ദ്രം

തണ്ണീർത്തടങ്ങൾ ജൈവവൈവിധ്യ സമ്പന്നമാണ് .ജീവൻ നിലനിർത്താൻ ആവശ്യമായ ജലത്തിൻറെ സാന്നിധ്യവും ഉയർന്ന ഉൽപാദനക്ഷമതയും ആണ് ഇതിന് കാരണം .വിവിധ മത്സ്യങ്ങളുടെയും പക്ഷികളുടെയും പ്രജനന കേന്ദ്രം കൂടിയാണിത് .തണ്ണീർത്തടങ്ങൾ അപൂർവയിനം ജീവജാതികളെയും സംരക്ഷിക്കുന്നു.

### ജലസംഭരണം

പ്രകൃതിദത്ത അണക്കെട്ടുകളാണ് ഇവ ഭൂഗർഭജനത്തെ സമ്പുഷ്ടമാക്കുകയും ആവശ്യാനുസരണം വീണ്ടെടുക്കുകയും ചെയ്യുന്നു. തണ്ണീർത്തടങ്ങളുടെ സമീപത്ത് വേനൽക്കാലത്ത് വരൾച്ച കുറവായിരിക്കും .

### മാലിന്യ സംസ്കരണം

ഘന ലോഹങ്ങൾ ഉൾപ്പെടെ ജലത്തിൽ മാലിന്യങ്ങളെ അരിച്ച് ശുചിയാക്കുന്ന ജൈവ അരിപ്പകൾ ആയി പ്രവർത്തിക്കുന്നു .പുറന്തള്ളുന്ന കീടനാശിനികളെയും രാസവളങ്ങളെയും തണ്ണീർത്തടങ്ങൾ സ്വാംശീകരിച്ച് ജലത്തെ ശുദ്ധീകരിക്കുന്നു .

### തീര സംരക്ഷണം

തണ്ണീർത്തടങ്ങളുടെ തീരത്ത് വളരുന്ന ജല സസ്യങ്ങൾ, ഉദാഹരണം -കണ്ടൽ ചെടികൾ നദീതീരങ്ങൾക്ക് ബലം നൽകുന്നു .കടൽക്ഷോഭത്തിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും തീരത്തെ സംരക്ഷിക്കുന്നു .

### ആഹാരം

മിക്ക തണ്ണീർത്തടങ്ങളും ഉത്പാദനക്ഷമതയുള്ള ജലസംഭരണികളാണ് .മനുഷ്യൻ ഭക്ഷിക്കുന്ന മത്സ്യങ്ങളുടെ ഏറിയ പങ്കും തണ്ണീർത്തടം സംഭാവന ചെയ്യുന്നു .നെല്ല് ,മറ്റ് ധാന്യങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നത് തണ്ണീർത്തടങ്ങളെ ആശ്രയിച്ചാണ് .

## തണ്ണീർത്തടങ്ങളുടെ ഭാവി

ലോകത്ത് 35 ശതമാനത്തിലധികം തണ്ണീർത്തടങ്ങൾ നഷ്ടപ്പെടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. നഗരവൽക്കരണം ,വയൽ നികത്തൽ ,അശാസ്ത്രീയ മത്സ്യകൃഷി തുടങ്ങിയവയാണ് പ്രധാന കാരണം .തണ്ണീർത്തടങ്ങൾ നശിക്കുന്നത് കാലാവസ്ഥ വ്യതിയാനം ,ജൈവവൈവിധ്യ ശോഷണം ,ജലദൗർലഭ്യം ,ഭക്ഷ്യമേഖലകളിലെ പ്രതിസന്ധി ,പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു .അതുകൊണ്ടുതന്നെ ഓരോ ജനസമൂഹവും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.




**ശിവദ കെ കെ**

9E

## ശ്രീനിവാസ രാമാനുജൻ

ആധുനിക ഇന്ത്യ കണ്ട ഏറ്റവും വലിയ ഗണിതജ്ഞൻ .ഗണിതശാസ്ത്രത്തിലെ അത്ഭുതപ്രതിഭ .തന്റെ പ്രതിഭ ഒന്നുകൊണ്ട് മാത്രം ഇംഗ്ലണ്ടിലെ ഉന്നത ശാസ്ത്രസഭകളിൽ ഇടം പിടിച്ച .അല്പകാലം മാത്രം നീണ്ട ജീവിതത്തിൽ ഗണിതത്തിലെ രാജപാതകളാണ് അദ്ദേഹം കീഴടക്കിയത് .



തമിഴ്നാട്ടിലെ ഈറോഡിൽ 1857 ഡിസംബർ 22ന് ശ്രീനിവാസ അയ്യങ്കാരുടെയും കോമളത്തമ്മയുടെയും മകനായി ജനിച്ച .ദരിദ്രബ്രാഹ്മണ കുടുംബത്തിൽ ജനിച്ച രാമാനുജൻ സ്വദേശത്തെ കുടിപ്പള്ളിക്കൂടത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ,കുംഭകോണത്തെ ടൗൺ ഹൈസ്കൂളിൽ ചേർന്നു .സ്കൂളിൽ പഠിക്കുമ്പോഴേ ഗണിതമായിരുന്നു ഇഷ്ടവിഷയം. ഉയർന്ന ക്ലാസുകളിലെ കുട്ടികളുടെ സംശയങ്ങൾ തീർത്തും പ്രയാസമേറിയ കണക്കുകൾ നിമിഷം കൊണ്ട് ചെയ്തും ഏത് സംഖ്യയുടെയും വർഗ്ഗമൂലവും നിർണയിച്ചും സ്കൂളിൽ രാമാനുജൻ താരമായി .ആയിടയ്ക്കാണ് ജി എസ് കാർ എഴുതിയ ഗണിത പുസ്തകം രാമാനുജന് കിട്ടിയത് __Synopsis of elementary Results in Pure Mathematics. വേണ്ടത്ര വിശദീകരണമോ തെളിവുകളോ ഇല്ലാത്ത 6000 സങ്കീർണമായ പ്രമേയങ്ങൾ ആയിരുന്നു അതിൽ .ഓരോന്നും തെളിയിക്കാൻ രാമാനുജൻ ശ്രമിച്ച .അങ്ങനെ രാമാനുജനിലൂടെ കാറിന്റെ പുസ്തകം പ്രശസ്തമായി .സ്കോളർഷിപ്പിന്റെ സഹായത്തോടെ 1904 ഗവൺമെൻറ് കോളേജിൽ ചേർന്നു.ഗണിത വിഷയത്തിൽ മാത്രം മുഴുകിയ അദ്ദേഹം ,മറ്റ വിഷയങ്ങളിൽ എല്ലാം തോറ്റതോടെ സ്കോളർഷിപ്പ് നഷ്ടമായി .തുടർപഠനം തടസ്സപ്പെട്ടു .എന്നാൽ സ്വന്തമായി ഗണിത പഠനം തുടർന്നു . രാമാനുജൻ തയ്യാറാക്കിയ ഗണിതപ്രബന്ധം 1911ൽ ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ ജർണലിൽ അച്ചടിച്ച വന്നു .അതോടെ അദ്ദേഹം പ്രശസ്തിയിലേക്ക് ഉയർന്നു. മദ്രാസിലെ പോർട്ട് ട്രസ്റ്റ് ഓഫീസിൽ ക്ലാർക്ക് ആയി ജോലി ചെയ്തിരുന്ന സമയത്ത് ,അക്കാലത്തെ ഏറ്റവും വലിയ ഗണിതജ്ഞനായിരുന്ന കേംബ്രിഡ്ജിലെ ജിഎച്ച് ഹാർഡിക്ക് അയച്ച കത്ത് അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ച .തനതായ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചിരുന്ന ഹാർഡിയെ രാമാനുജന്റെ കത്ത് ആകർഷിച്ചു .അദ്ദേഹത്തിന്റെ ഗണിത പ്രമേയങ്ങൾ പരിശോധിച്ച ഹാർഡി, ആ കഴിവിൽ അത്ഭുതപ്പെട്ടു. എങ്ങനെയും ആ യുവാവിനെ കേംബ്രിഡ്ജിൽ കൊണ്ടുവരാൻ തീരുമാനിച്ച .ക്ഷണം ആദ്യം നിരസിച്ചെങ്കിലും ,പല മാർഗങ്ങളിലൂടെയും സമ്മർദ്ദം ചെലുത്തിയപ്പോൾ രാമാനുജന് വഴങ്ങേണ്ടിവന്നു .1914 ഏപ്രിൽ 14ന് അദ്ദേഹം ലണ്ടനിൽ എത്തി .ഒരു അപൂർവ്വ ബന്ധത്തിന്റെ തുടക്കം ആയിരുന്നു അത് .ഗുരുവും സുഹൃത്തും വഴികാട്ടിയും ഗവേഷക പങ്കാളിയും എല്ലാമായിരുന്നു പിന്നീട് ജിഎച്ച് ഹാർഡി. ഗണിതശാസ്ത്രത്തിലെ സമകാലീന പ്രവണതകളെ കുറിച്ച് അജ്ഞനായിരുന്ന രാമാനുജനെ പഠിപ്പിക്കാൻ ഹാർഡി തീരുമാനിച്ച .രാമാനുജനെ പഠിപ്പിച്ചതിനേക്കാൾ കൂടുതൽ രാമാനുജനിൽ നിന്ന് പഠിക്കാൻ കഴിഞ്ഞെന്നാണ് പിന്നീട് അദ്ദേഹം ഇതേപ്പറ്റി പറഞ്ഞത് .ഗവേഷണത്തിന് വേണ്ട സാഹചര്യങ്ങൾ ഒത്തിണങ്ങിയപ്പോൾ രാമാനുജൻ അത്ഭുതങ്ങൾ സൃഷ്ടിക്കുകയും കണ്ടുപിടിത്തങ്ങൾ ഓരോന്നായി പുറത്തു വരികയും ചെയ്തു. 1914 മുതൽ 17 വരെയുള്ള കാലഘട്ടത്തിൽ ആയിരുന്നു അത്. 1916 പ്രവേശനചട്ടങ്ങളിൽ ഇളവ് നൽകി കേംബ്രിഡ്ജ് സർവകലാശാല അദ്ദേഹത്തിന് ബാച്ചിലർ ഓഫ് സയൻസ് ബൈ റിസർച്ച് ബിരുദം നൽകി.ഇന്നത്തെ ഡോക്ടറേറ്റിനു തുല്യം. ഇംഗ്ലണ്ടിലെ കാലാവസ്ഥയും ജീവിതരീതിയും അദ്ദേഹത്തിന്റെ ആരോഗ്യം തളർത്തി .രോഗശയ്യയിൽ കിടക്കുന്ന രാമാനുജനെ കാണാൻ ഹാർഡിയെത്തിയപ്പോൾ, സംസാരം വന്ന ടാക്സിയുടെ നമ്പറിനെ പറ്റിയായിരുന്നു." 1729 -ഒരു ലക്ഷണം കെട്ട സംഖ്യയാണ്". 'അല്ല ,അതൊരു രസികൻ സംഖ്യയാണ്", രാമാനുജൻ പറഞ്ഞു ."രണ്ട് ത്രിഘാതങ്ങളുടെ തുകയായി രണ്ടുവിധത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണത്" .

$1^3 + 12^3 = 1729$

$9^3 + 10^3 = 1729$

സംഖ്യകൾ രാമാനുജന്റെ കളിക്കൂട്ടുകാരാണ് എന്നറിയുന്ന ഹാർഡി ഞെട്ടിയില്ല .പുഞ്ചിരിച്ച .മരണത്തോട് മല്ലിടുമ്പോഴും രാമാനുജൻ ഗണിതത്തിന്റെ ലോകത്ത് ആയിരുന്നു .ഒരിക്കൽ, ഗണിതശാസ്ത്രത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന് എന്തെന്ന് ഹാർഡിയോട് ചോദിച്ചപ്പോൾ 'ശ്രീനിവാസ രാമാനുജൻ' എന്നായിരുന്നു അദ്ദേഹത്തിൻറെ മറുപടി .1918ൽ മുപ്പതാം വയസ്സിൽ രാമാനുജന് റോയൽ സൊസൈറ്റി ഫെലോഷിപ്പ് ലഭിച്ചു. അതേ വർഷം ട്രിനിറ്റി കോളേജ് വിശിഷ്ടാംഗത്വവും പിന്നീട് ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ വിശിഷ്ടാംഗത്വവും ലഭിക്കുകയുണ്ടായി .രോഗാതുരനായ അദ്ദേഹം 1919 ഫെബ്രുവരിയിൽ ഇന്ത്യയിലേക്ക് മടങ്ങി. മികച്ച ചികിത്സ നൽകിയെങ്കിലും 1920 ഏപ്രിൽ 26ന് ലോകം കണ്ട മഹാപ്രതിഭ ഓർമ്മയായി .എല്ലാ വർഷവും അദ്ദേഹത്തിൻറെ ജന്മദിനം രാമാനുജൻ ദിനമായി രാജ്യം ആചരിക്കുന്നു. അദ്ദേഹത്തെ അനുസ്മരിക്കുന്നതിനും സംഭാവനകൾ ലോകത്തെ അറിയിക്കുന്നതിനും പുതുതലമുറയെ പ്രചോദിപ്പിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുന്നു .

കഥ

# നിലാവെളിച്ചം

ഉത്സവ സമയത്ത് തിരക്കേറിയ നടപ്പാതയിലെ കാഴ്ചകൾ കണ്ടു നടക്കുന്നതിനിടയിലാണ് ,തിരക്കിനിടയിൽ ഒരിടത്ത് ഒരുകൂട്ടം ബലൂണും ആയി വീണു കിടക്കുന്ന നന്ദിനി മോളെ വിജയൻ ശ്രദ്ധിച്ചത്. ഉണ്ടക്കണ്ണുകളും ചെമ്പിച്ച മുടിയും മെലിഞ്ഞ ശരീരവുമായി ഒരു നരച്ച വസ്ത്രം ധരിച്ച പാവം പെൺകുട്ടി .നിലത്ത് കിടന്ന് കരയുന്ന നന്ദിനി മോളുടെ അടുത്തേക്ക് വിജയൻ നടന്നു . അടുത്തെത്തിയപ്പോൾ അവളെ പിടിച്ച് എഴുന്നേൽപിച്ചു വിജയൻ ചോദിച്ചു . "മോൾക്ക് എന്താ പറ്റിയെ ?" കുട്ടി ദയനീയമായി കരഞ്ഞു കൊണ്ട് വിജയനെ നോക്കി. എന്നിട്ട് കാലിലെ മുറിവ് തൊട്ടു കാണിച്ചുകൊണ്ട് ആംഗ്യഭാഷയിൽ വേദനിക്കുന്നു എന്ന് പറഞ്ഞു .വിജയൻ അവളെ കയ്യിലെടുത്ത് ഹെൽപ്പ് സെൻററിലേക്ക് നടന്നു .അവിടെ വച്ച് മുറിവുകളിൽ മരുന്ന് വയ്ക്കുന്നതിനിടയിൽ സൗമ്യമായി അവിടെയുള്ള ആളുകൾ അവളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അവളെ കുറിച്ച് അന്വേഷിച്ച അവരുടെ സംഭാഷണത്തിൽ നിന്ന് നന്ദിനിയുടെ പേരും മറ്റു വിവരങ്ങളും മനസ്സിലായ വിജയൻ, അതുമായി കമ്മിറ്റി ഓഫീസിലേക്ക് പോയി കമ്മിറ്റി അംഗങ്ങൾ മൈക്കിലൂടെ വിളിച്ചുപറഞ്ഞു ."കർണാടകയിൽ നിന്നും വന്ന നന്ദിനിയുടെ മാതാപിതാക്കൾ എത്രയും വേഗം ഹെൽപ് സെന്ററിനു മുന്നിൽ എത്തിച്ചേരേണ്ടതാണ്" . അല്പസമയത്തിനകം നന്ദിനിയുടെ അമ്മ അവിടെയെത്തി. അവളുമായി തിരിച്ചു നടന്നു. വിജയൻ അത് നോക്കി നിൽക്കുമ്പോൾ,നന്ദിനി അയാളുടെ അടുത്തേക്ക് ഓടി വന്നു. കയ്യിലുള്ളതിൽ ഒരു ബലൂൺ വിജയന് നീട്ടി .അവനത് വാങ്ങിയപ്പോൾ ,അവളുടെ ഭാഷയിൽ നന്ദി പറഞ്ഞു തിരിച്ചു നടന്നു നീങ്ങുന്നത് ഒരു ചെറുപുഞ്ചിരിയോടെ വിജയൻ നോക്കി നിന്നു.

ദേവികമഹേഷ്
8 സി

# ചീറ്റ @ കുനോ

കരയിൽ ഏറ്റവും വേഗത്തിൽ സഞ്ചരിക്കാൻ കഴിവുള്ള ജീവികളാണ് ചീറ്റപ്പുലികൾ .85 ലക്ഷം വർഷങ്ങൾക്ക മുമ്പ് തന്നെ മാർജാര വിഭാഗത്തിൽപ്പെട്ട ചീറ്റപ്പുലികൾ ജീവിച്ചിരുന്നതായി കണക്കാക്കുന്നു .ആഫ്രിക്ക ,അറേബ്യ ,ഏഷ്യ എന്നിവയായിരുന്നു പ്രധാന ആവാസ കേന്ദ്രങ്ങൾ. സിംഹത്തിനും കടുവക്കും പുലിക്കും ഒപ്പം ഇന്ത്യൻ വനപ്രദേശങ്ങളിൽ വിഹരിച്ചിരുന്നവരാണ് ചീറ്റകൾ. ചീറ്റകളുടെ വംശനാശം മുകൾ ഭരണകാലത്ത് മധ്യ ഇന്ത്യൻ കാടുകളിൽ ചീറ്റകൾ അധിവസിച്ചിരുന്നതായി പറയപ്പെടുന്നു .അക്ബറി ന്റെയും ജഹാംഗീറിന്റെയും കാലത്ത് ചീറ്റപ്പുലി കളെ കൊട്ടാരത്തിൽ വളർത്തുമൃഗങ്ങളെ പോലെ പരിപാലിച്ചിരുന്നു.ആയിരത്തോളം ചീറ്റകളെ അക്ബർ സൂക്ഷിച്ചിരുന്നതായി പറയപ്പെടുന്നു. രാജാക്കന്മാർ വേട്ടയാടാനായി ഇവയെ ഉപയോഗപ്പെടുത്തിയിരുന്നു .കൊളോണി യൽ ഇന്ത്യയിൽ ചീറ്റകളെ വേട്ടയാടുന്നത് ഒരു കായിക വിനോദം ആയിരുന്നു. നിരപ്പായ പ്രദേശങ്ങളും കുന്നിൻ പുറങ്ങളും ആയിരുന്നു ഇവയുടെ വാസസ്ഥലം .ഇത്തരം തുറസായ സ്ഥലങ്ങൾ കൃഷിക്കും വാസസ്ഥലത്തിനായി മനുഷ്യൻ തെരഞ്ഞെടുത്തത് ഇവയ്ക്ക് പ്രതികൂലമായി .അമിത വേട്ടയാടലും ആവാസ വ്യവസ്ഥയുടെ നഷ്ടവും കാരണം ഇന്ത്യയിൽ നിന്നും പൂർണമായും തുടച്ചുനീക്കപ്പെട്ട ജീവിയാണ് ചീറ്റ് .1947 മധ്യപ്രദേശിലെ നാട്ടുരാജാവായ മഹാരാജ രാമാനുജ്ജ് പ്രതാപ് സിംഗ് ദേവ് ആണ് ഇന്ത്യയിലെ അവസാനത്തെ 3 ചീറ്റകളെ വേട്ടയാടി കൊന്നതെന്ന് വിശ്വസിക്കപ്പെടുന്നു .1952 ഇന്ത്യൻ സർക്കാർ ചീറ്റകൾ രാജ്യത്ത് വംശനാശം സംഭവിച്ചതായി പ്രഖ്യാപിച്ചു .IUCN ന്റെ റെഡ് ഡാറ്റ ബുക്കിൽ ഗുരുതരമായ വംശനാശം നേരിടുന്നവരുടെ(Critically enangered)കൂട്ടത്തിലാണ് ഏഷ്യൻ ചിറ്റകൾ.ഇന്ത്യയിലെ ഏഷ്യൻ ചീറ്റകൾ ഇല്ലാതായതോടെ ഇറാൻ ,ആഫ്രിക്ക എന്നിവയിൽ മാത്രമാണ് ചീറ്റകളെ കാണാൻ കഴിയുക .1970കളിൽ ഇറാനിൽ നിന്ന് ഇന്ത്യയിലേക്ക് ഏഷ്യൻ ചീറ്റകളെ എത്തിക്കാൻ ശ്രമം നടന്നെങ്കിലും ,അവിടെ എണ്ണത്തിൽ വൻ കുറവ് വന്നതിനെ തുടർന്ന് ആ ഉദ്യമം പരാജയപ്പെട്ടു. പിന്നീട് ആഫ്രിക്കൻ ചിറ്റകളെ എത്തിക്കാനുള്ള ശ്രമം ആരംഭിച്ചു .മധ്യപ്രദേശിലെ കുനോ ദേശീയഉദ്യാനമാണ് ഇവയുടെ തിരിച്ചുവരവിന് വേദിയായി തെരഞ്ഞെടുക്കപ്പെട്ടത് .ഒരുകാലത്ത് ഏഷ്യൻ ചീറ്റകളുടെ ആവാസമായിരുന്നു ഈ പ്രദേശം. കേന്ദ്രസർക്കാരിന്റെ പ്രോജക്ട് ചീറ്റ ദൗത്യത്തിന്റെ ഭാഗമായി 2022 സെപ്റ്റംബറിൽ ആഫ്രിക്കൻ രാജ്യമായ നമീബിയയിൽ നിന്ന് എട്ട് ചീറ്റപ്പുലികളെ (5 പെൺചീറ്റകളും മൂന്ന് ആൺ ചീറ്റകളും )കുനോ നാഷണൽ പാർക്കിൽ എത്തിച്ചു. 2023 ഫെബ്രുവരിയിൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് 12 ചിറ്റകളെ കൂടി എത്തിക്കുകയുണ്ടായി .കു നോയിലെ ആവാസവ്യവസ്ഥയുമായി ചീറ്റകൾ ഇണങ്ങി ജീവിക്കും എന്ന് കരുതാം. ഇരകൾക്ക് അവിടെ ക്ഷാമമില്ല .എന്നാൽ മറ്റ വന്യജീവികൾ ചീറ്റകൾക്ക് ഭീഷണി ആകുമോ എന്ന സംശയമുണ്ട് .ചീറ്റകളുടെ അതിജീവന ഘട്ടത്തിൽ അവർക്ക് ഇര പിടിക്കാനും ഇണ ചേരാനും ഉള്ള സാഹചര്യം പുതിയ ആവാസ വ്യവസ്ഥയിൽ ഒരുക്കുന്നുണ്ട് .എന്നാൽ മാസങ്ങൾക്ക് ശേഷം രണ്ട് ചീറ്റകളും മൂന്ന് കുഞ്ഞുങ്ങളും മരണപ്പെട്ടു .എങ്കിലും നിലവിൽ 15 ചീറ്റകൾ കുനോ നാഷണൽ പാർക്കിൽ ജീവിക്കുന്നു .ഇന്ത്യയിൽ ചീറ്റകളുടെ ആവാസവ്യവസ്ഥ തിരികെ കൊണ്ടുവരികയും ചീറ്റകളെ സംരക്ഷിക്കുകയും ആണ് ലക്ഷ്യം.





മുഹമ്മദ് റസിൻ
9 E

**കവിത**

## തെരുവിന്റെ മക്കൾക്ക് ഒരു കൈത്താങ്ങ്

ജീവിച്ചുകൊണ്ട് ഞാൻ എഴുതുകയാണ്
ജീവിക്കാൻ കഴിയാത്തവരുടെ വാക്കുകൾ
ഉറങ്ങുന്നവർക്ക് ഒരുനേരത്തെ അന്നം നൽകി
ജീവിത പോരാട്ടത്തിന് വേളയിൽ
തളർന്നുപോയവർക്കായി
തെരുവിലെ ബാല്യങ്ങൾക്കായി
നമുക്കൊരു മനുഷ്യചങ്ങല തീർത്തിടാം

**അഭിജിത്ത് ബി**
**എട്ട് സി**

കവിത

# അച്ഛൻ

എരിതിരിയിലെരിയുന്നിന്നു ഞാൻ
മനസ്സിന്റെ തീരാനോവ് ആകുമോ..
കാണാമറയത്ത് മന്ത്രിച്ച കണ്ണുകൾ
കണ്ണുനീർ ചാലിന്റെ പുഴയാകുമോ..
വസന്തകാലത്തിൻ പ്രകാശം കെടുത്തിക്കൊണ്ടി -
രുണ്ടകാലത്തിൽ എഴുത്തുകൾ പടരുന്നു.
ഹൃദയത്തിൻ ആഴത്തിലെവിടെയോ നീറ്റ-
ലായച്ഛനെന്നാമരം വീഴുന്നുവോ...
ഇടറുന്ന കാലടി പിച്ചവെച്ചന്നു തൻ
കൈകളെൻ കൈകളെ പുണർന്നതും
സ്നേഹത്തിൻ തന്ത്രിയാൽ പൊതിഞ്ഞതും
മായാതെ മറയാതെ മനസ്സിലിന്നും.
അറിയാത്ത വഴികളിൽ മുന്നോട്ട് നീങ്ങുവാൻ
നാളേക്ക് നീ വേണമെന്നുഷസ്സേ
പിറന്ന നാൾ മുതൽ പിറകിലേക്കാ-
ക്കാതെ തുഴഞ്ഞയീ തോണിയി-
ന്നനാഥാമാകയോ?
അന്തരാത്മാവിലെ ആർദ്രമായി
എനിക്കിന്ന് തുണയായി
നിഴലായി നീ വേണമേ.....

വേദ
10D

യാത്രാനുഭവം

# എന്റെ യാത്ര

യാത്ര എനിക്ക് ഒരുപാട് ഇഷ്ടമാണ് .അധിക യാത്രകൾ ഒന്നും പോകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഞാൻ പോയതിൽ വച്ച് വളരെ ഇഷ്ടപ്പെട്ടത് ആറളം വന്യജീവി സങ്കേതത്തിലേക്കുള്ള യാത്രയാണ്. പ്രകൃതിരമണീയമായ സ്ഥലം. നഗരങ്ങളുടെ അടുത്ത് അല്ലാതെ കുറച്ചു മാറി നിൽക്കുന്ന പ്രദേശമാണ് ആറളം .യാത്രയിൽ നഗരങ്ങൾ മാറി വനപ്രദേശമായി എന്ന് മനസ്സിലാക്കാൻ കഴിയുന്നത് റോഡ് അരികിലുള്ള നിബിഡ വനങ്ങൾ കൊണ്ടാണ് .വൃക്ഷങ്ങൾ ഇടതൂർന്ന് നിൽക്കുന്ന നിബിഡ വനങ്ങൾ .തണുപ്പ് അരിച്ചിറങ്ങുന്ന .പുഴകൾ .....തെളിനീർ വെള്ളമുള്ള പുഴകൾ.റോഡ് അരികിൽ പട്ടണങ്ങളിലെ പോലെയല്ലാതെ പുല്ലുമേഞ്ഞ ചായക്കടകൾ ......പുഴയരികിൽ നിറയെ കല്ലുകൾ .......വിവിധ വലിപ്പത്തിലുള്ള കല്ലുകൾ...... മുളങ്കാടുകൾ....... ഏറുമാടങ്ങൾ .......കൈതച്ചക്ക തോട്ടങ്ങൾ ,വള്ളികൾ ,കുറ്റിക്കാടുകൾ അങ്ങനെ ലോകത്ത് തന്നെ വംശനാശഭീഷണി നേരിടുന്ന പല മരങ്ങളും ആറളം വന്യജീവി സങ്കേതത്തിൽ ഉണ്ടെന്ന് പറയുന്നു. കൂടാതെ ആന, കടുവ ,മാൻ ,കാട്ടുപോത്ത് ,കാട്ടുപന്നി , കുരങ്ങൻ, മലയണ്ണാൻ, മലമുഴക്കി വേഴാമ്പൽ വിവിധതരം പക്ഷികൾ, നൂറിലധികം വ്യത്യസ്തമായ പൂമ്പാറ്റകൾ .......അങ്ങനെ എത്രയെത്ര ജൈവവൈവിധ്യങ്ങൾ.... ഇത്രയേറെ ജീവജാതികളെ ഒരുമിച്ച് കാണാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി എനിക്ക് തോന്നി. അവിടെ എനിക്ക് ഏറ്റവും പ്രത്യേകതയായി തോന്നിയത് അട്ടകളാണ് .മുതുക് ഉയർത്തി ചാടി ചാടിയാണ് സഞ്ചരിക്കുക .ഇത് കാണാൻ തന്നെ നല്ല ഭംഗിയാണ് .ഇതിനിടയിൽ മനുഷ്യരുടെയും മറ്റും കാലുകളിൽ ഇവ കയറും. അതുപോലെ കുരങ്ങന്മാർ ആണ് അവിടുത്തെ പ്രധാന സവിശേഷത. അവിടെ വരുന്ന സഞ്ചാരികളുടെ ശ്രദ്ധ  വളരെ പെട്ടെന്ന് പിടിച്ചു പറ്റുന്ന ഒരു ജീവിയും കൂടിയാണ് ഇവ.  വേനൽക്കാലം ആണെങ്കിലും സൂര്യപ്രകാശം വനത്തിനുള്ളിൽ എത്താൻ കുറച്ചു കഷ്ടപ്പാടുണ്ട്. കാരണം വനങ്ങളിലെ മരങ്ങൾ ആകാശമുട്ടെ ഉയരമുള്ളതും നിറയെ ഇലകൾ ഉള്ളതുമാണ് .ഇവ കാരണം പ്രകാശം വളരെ കുറച്ച് മാത്രമേ ഉള്ളിലേക്ക് എത്തുന്നുള്ളൂ .വളരെയധികം ജൈവവൈവിധ്യവും പ്രകൃതിരമണീയതയുമുള്ള വിശാലമായ സ്ഥലമാണ് ആറളം .അവിടുത്തെ പ്രകൃതി സൗന്ദര്യവും തണുത്ത കാറ്റും ശുദ്ധവായുവും തെളിനീർ വെള്ളവും നമ്മളെ ഏറെ ആകർഷിക്കും .യാത്ര കഴിഞ്ഞു വരുമ്പോൾ വനത്തിനുള്ളിലെ കുളിർമ എന്റെ മനസ്സിലും ഉണ്ടായിരുന്നു.

**കീർത്തന**
**8ബി**




# ചാറ്റ് ജിപിടി

നമുക്കറിയേണ്ടതെല്ലാം അറിയാൻ നമ്മൾ ആരോടാണ് ചോദിക്കാറ്?ഗൂഗിൾ മാമനോട് അല്ലേ? എല്ലാ ഉത്തരങ്ങളും നമുക്ക് കിട്ടാറുമുണ്ട്. ഗൂഗിൾ വഴി ഒരു വിവരം തിരയുമ്പോൾ അത് ലഭിക്കാൻ സാധ്യതയുള്ള ഒരു കൂട്ടം വെബ്സൈറ്റലിങ്കുകൾ നമുക്ക് നിർദ്ദേശിക്കുകയാണ് ഗൂഗിൾ ചെയ്യുന്നത്.അതിൽ കയറി നമുക്ക് ആവശ്യമുള്ള വിവരങ്ങൾ നമ്മൾ തന്നെ വായിച്ചും കണ്ടും മനസ്സിലാക്കിയെടുക്കുകയാണ് ചെയ്യുക.എന്നാൽ നേരിട്ട് വിവരങ്ങൾ കിട്ടിയാലോ? നമുക്ക് എളുപ്പമായി അല്ലേ.അതിന് നമ്മളെ സഹായിക്കാൻ കഴിയുന്ന പുതിയ സങ്കേതമാണ് ചാറ്റ് ജി പി ടി (Chat Gpt).
മനുഷ്യരെ പോലെയുള്ള സംഭാഷണങ്ങളും അതിലേറെയും നടത്താൻ സഹായിക്കുന്ന നിർമ്മിത ബുദ്ധി സാങ്കേതികവിദ്യകളാൽ നയിക്കപ്പെടുന്ന ഒരു സ്വാഭാവിക ഭാഷ പ്രോസസിംഗ് ബോട്ടാണ് ചാറ്റ് ജി പി ടി. Generative pretrained transfomer എന്നാണ് Gpt യുടെ പൂർണ്ണ രൂപം. ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും ഈമെയിലുകൾ,ഉപന്യാസങ്ങൾ ,കോഡുകൾ എന്നിവ രചിക്കുന്നത് പോലുള്ള ജോലികളിൽ നമ്മളെ സഹായിക്കാനും കഴിയും. മനുഷ്യരോട് സംഭാഷണത്തിൽ ഏർപ്പെടുന്ന തരത്തിലാണ് Gpt യെ പരിശീലിപ്പിച്ചിരിക്കുന്നത്. ഇൻറർനെറ്റിൽ ലഭ്യമായതും അച്ചടിച്ച ബുക്കുകളിൽ ലഭ്യമായതുമായ അനേകായിരം എഴുത്തുകൾ (ടെക്സ്റ്റ് ഡാറ്റ) ഉപയോഗിച്ചാണ് ജിപിടി യെ പരിശീലിപ്പിച്ചിരിക്കുന്നത്.വായനശീലം ഉള്ള ഒരു ബുദ്ധിജീവിയെ പോലെയാണ് Chat Gpt. എന്ത് ചോദിച്ചാലും അഭിപ്രായം പറഞ്ഞാലും അതിനെക്കുറിച്ച് എന്തെങ്കിലുമൊക്കെ പറയാൻ സാധിക്കും. മനുഷ്യന് തന്റെ ജീവിതകാലത്തിൽ വായിച്ചും കണ്ടും പഠിക്കാനാവാത്ത അത്രയും വിവരങ്ങൾ ജിപിടി പഠിച്ചിട്ടുണ്ട്. ആവശ്യാനുസരണം അതിനെ അവതരിപ്പിക്കാനും ജിപിടിക്ക് സാധിക്കും. നിലവിൽ 2021 വരെയുള്ള ഡാറ്റ ഉപയോഗിച്ചാണ് ജി പി ടി എ പരിശീലിപ്പിച്ചിരിക്കുന്നത്.എന്നാൽ ആളുകളുമായുള്ള സംഭാഷണങ്ങളിലൂടെ പുതിയ വിവരങ്ങളും ഇവർ പഠിക്കുന്നുണ്ട്. മൈക്രോസോഫ്റ്റിന്റെ പ്രധാന നിക്ഷേപകരായ ഓപ്പൺ എ ഐ (Open Ai)എന്ന സ്ഥാപനം വികസിപ്പിച്ചെടുത്ത ഒരു ഭാഷാ മോഡലാണ് ചാറ്റ് ജി പി ടി.

## എങ്ങനെ ഉപയോഗിക്കാം?

Chat Gpt ഉപയോഗിക്കാൻ chat.openai.com എന്ന ലിങ്ക് സന്ദർശിക്കുക.നിങ്ങളുടെ ഇമെയിൽ ഐഡി ഉപയോഗിച്ച് sign up ചെയ്ത ശേഷം ഇതേ ഇമെയിൽ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ചാറ്റിങ് ആരംഭിക്കാം. ഇങ്ങനെയൊക്കെയാണെങ്കിലും ചാറ്റ് ജിപിടി എ 100% വിശ്വസിക്കരുത്.ഇതിൽ ലഭിക്കുന്ന വിവരങ്ങൾ സ്വയം പരിശോധിച്ച മാത്രം ഉപയോഗപ്പെടുത്താൻ നമ്മൾ ശ്രദ്ധിക്കണം.




ആയിഷ സാറ

9E

പുസ്തകാസ്വാദനം

# നാലുമണി പൂവ്

മലയാളം സാഹിത്യത്തിലെ പ്രശസ്ത കഥാകൃത്ത് ശ്രീ വീരാൻകുട്ടിയുടെ 'നാലുമണിപ്പൂവ്'എന്ന ചെറുകഥയുടെ ആസ്വാദനമാണ് ഇവിടെ കുറിക്കുന്നത്. ശാരീരികമായും മാനസികമായും ധാരാളം സമ്മർദ്ദങ്ങൾ നേരിടുന്നവരാണ് പെൺകുട്ടികൾ .അത്തരം വെല്ലുവിളിയുടെ അതിജീവിച്ചു കൊണ്ടുവളരുന്ന ഒരു കൊച്ചു ബാലികയുടെ കഥയാണിത്. സ്നേഹവും വാത്സല്യവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷത്തിൽ നിന്ന് പറിച്ചു ചീന്തപ്പെട്ട പോലെ ഒരു രൂക്ഷമായ സമൂഹത്തിൽ എത്തുന്ന ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാടും മറ്റും വിശദമായി വിവരിച്ചിരിക്കുന്ന ഈ കഥ ഏതൊരു വായനക്കാരനെയും ആസ്വദിപ്പിക്കും .അമ്മയുടെയും അച്ഛന്റെയും കൂടെ താമസിക്കുന്ന കൊച്ചുബാലികയാണ് മുത്തുമണി. ഒരു ദിവസം അവളെ കാണാതാവുകയും അന്ന് ആ കുട്ടിയും കുടുംബാംഗങ്ങളും  നേരിടുന്ന പ്രശ്നത്തെപ്പറ്റിയും ആണ് കഥ. മുത്തുമണി എന്ന ബാലിക ഒരു പിച്ചക്കാരി പെൺകുട്ടിയെ പോലെ ഒരു വയസ്സായ സ്ത്രീയുടെ വീട്ടിലെത്തുകയും അവർ അവളെ രണ്ട് കൈയും നീട്ടി സ്വീകരിക്കുകയും ചെയ്യുന്നു.അപരിചിതയായ ഒരു പെൺകുട്ടിയെ പോലും സ്വന്തം മകളായി സ്വീകരിച്ച മുത്തശ്ശിയുടെ കഥാപാത്രം എന്നെ ഏറെ ആകർഷിച്ചു .മുത്തശ്ശിയുടെ ഭർത്താവായ മുത്തശ്ശൻ വായിക്കുന്ന വീണ ഏറെ മനോഹരമായി മുത്തുമണി വായിക്കുമായിരുന്നു .പഠനത്തിലും പഠനേതര പ്രവർത്തനങ്ങളിലും മുത്തുമണി ഒന്നാമതായി .ഒരു ദിവസം മുത്തശ്ശിയുടെ മകൻറെ കൂടെ വിദേശത്തേക്ക് മുത്തുമണി പോവുകയും ക്രൂരനായ മകനും ഭാര്യയും അവളെ ഒരു പരീക്ഷണശാലയിൽ കേവലം ഒരു പരീക്ഷണ വസ്തു പോലെ അവർ മുത്തുമണിയെ ഉപേക്ഷിച്ചു .ഈ സാഹചര്യങ്ങളെയും അതിജീവിച്ച് അഗ്നിയിൽ നിന്ന് ഉയർന്നു വന്ന ഫിനിക്സ് പക്ഷിയെ പോലെ പൂർവാധികം ശക്തിയോടെ തിരിച്ചുവരുന്നു. നാട്ടിലെത്തിയപ്പോഴേക്കും മുത്തശ്ശി അവളുടെ യഥാർത്ഥ മാതാപിതാക്കളെ അടുത്ത് അവളെ എത്തിക്കുകയാണ് .തിരിച്ചെത്തിയ മുത്തുവിനെ അമ്മയ്ക്ക് തിരിച്ചറിയാൻ പറ്റിയില്ല .തന്റെ മകളെ കാണാതെ ഒരു മാനസിക രോഗിയായി അവർ മാറിയിരുന്നു .സ്വന്തം അമ്മയെ ചങ്ങലയിൽ കെട്ടിയിട്ട രീതിയിൽ കണ്ട്, കരഞ്ഞുകൊണ്ട് മുത്ത് അമ്മയെ ചേർത്തുപിടിക്കുകയാണ് .പിന്നീട് അമ്മയുടെ അസുഖം ഭേദമാവുകയും ചെയ്യുന്നവരുടെ കഥ അവസാനിക്കുന്നു. വളരെ മനോഹരമായതും വായനക്കാരനെ ഏറെ ആസ്വദിപ്പിക്കുന്നതുമായ കഥയാണിത്.

വൈഗ അനീഷ്
8B

കവിത

# നിനക്കായ്

പരസ്പരം അറിയാമെങ്കിലും അപരിചിതരാണ്
കണ്ണുകൾ കഥ പറയുന്നു
ഒരായുസ്സിന്റെ മുഴുവൻ വർണ്ണനകൾ
ജീവിതത്തിൻറെ സുന്ദരമാം
പാതയിൽ ഒരറ്റത്ത്പറഞ്ഞു-
തീരാത്ത കഥ പോലെ
ആകാശവും ഭൂമിയും പോലെ അനന്തമാണെങ്കിലും
അടുക്കാത്ത രണ്ടുപേർ
ആകാശത്തിന്റെ വെള്ളി വെളിച്ചം
തകർത്തെറിഞ്ഞ് ഹൃദയത്തിന്റെ
വിദൂര അറകളിലൂടെ
ആഴക്കടലിനും അളക്കാനാവാത്ത
മനസ്സിൽ ഒരു മുഖം
നിന്റെയാവരുത് എന്ന് ആഗ്രഹിച്ചില്ലെങ്കിലും
മഴപോലെനീപെയ്തു
കൊണ്ടേയിരുന്നു
പുഴ പോലെ ഒഴുകി കൊണ്ടേയിരുന്നു
പറിച്ചുമാറ്റാൻ ആവാത്ത വിധം
തനിച്ചാകുമോ എന്ന ഭയം
എന്നെ നിന്നിൽ നിന്നകറ്റുന്നു
ഓർമ്മകൾ എന്നെ തളർത്തുന്നു
എങ്കിലും ഈ ഈ കാറ്റിന്നെന്നോട് പറയുന്നു
നിന്റെ കണ്ണുകൾ എന്നെ തിരഞ്ഞിരുന്നെന്ന്.......

വേദ
10D

പുസ്തകാസ്വാദനം

# ഒരു കുടയും കുഞ്ഞു പെങ്ങളും

പ്രശസ്ത കഥാകൃത്ത് മുട്ടത്ത് വർക്കിയുടെ നോവലാണ് 'ഒരു കുടയും കുഞ്ഞുപെങ്ങളും '.ബാലസാഹിത്യരചനയിൽ മുട്ടത്ത് വർക്കിയുടെ മാസ്റ്റർപീസ്ആയിരുന്നു ഈ കൃതി. അച്ഛനമ്മമാർ മരണമടഞ്ഞ് അമ്മയുടെ സഹോദരന്റെ വീട്ടിൽ വേലക്കാരെ പോലെ കഴിയുന്ന രണ്ട് സഹോദരങ്ങളുടെ അതിജീവന കഥയാണിത്.

കഥ ആരംഭിക്കുന്നത് ഒരു മഴക്കാല രംഗത്തിലൂടെ ആണ് .സ്കൂളിൽ പോകുമ്പോഴേക്കും മഴപെയ്യാൻ തുടങ്ങിയപ്പോൾ കഥാനായികയായ ലില്ലി ,അവളുടെ അമ്മായി വീട്ടുജോലിക്ക് പോകുന്ന പൂമംഗലത്ത് വീട്ടിലെ ഗ്രേസിയുടെ കുടയിൽ കയറിക്കോട്ടെ എന്ന് അപേക്ഷിക്കുന്നു. എന്നാൽ അഹങ്കാരിയായ ഗ്രേസി കുടയിൽ നിന്ന് അവളെ പുറത്താക്കുന്നു. അതിനാൽ അന്ന് പെയ്ത മഴയിൽ മുഴുവനായും നനഞ്ഞു കുളിച്ച് അവൾ മെല്ലെ സ്കൂളിൽ പോകുന്നു .അന്ന് വൈകുന്നേരം തന്നെ അനിയത്തിയെ കുടയിൽ കയറ്റാത്തതിന് പകരം വീട്ടണം എന്ന് ഉറപ്പിച്ച് സഹോദരനായ ബേബി ഗ്രേസിയെ കല്ലെറിയുന്നു. കല്ലേറ് കൊണ്ട ഗ്രേസിയെ അവർ ആശുപത്രിയിലേക്ക് കൊണ്ടുപോയി .ബേബിയെ പിടികൂടാൻ നാട്ടുകാരെ ഏർപ്പാടാക്കി .ബേബി ആ സമയം ഒരു കുറ്റിക്കാട്ടിൽ ഒളിച്ചിരിക്കുകയായിരുന്നു .രാത്രിയായപ്പോൾ അവൻ കാട്ടിനുള്ളിൽ നിന്ന് പുറത്തിറങ്ങി ലില്ലിയുടെ അടുക്കൽ ചെന്നെത്തുകയും ഒരു കുട വാങ്ങിച്ചു കൊണ്ടുവരാമെന്ന് പറഞ്ഞ് അവൻ പട്ടണത്തിലേക്ക് യാത്ര തിരിക്കുന്നു. അവിടെ നിന്ന് കഥയുടെ ഗതിമാറുകയാണ് .

പട്ടണത്തിലെ ജീവിത സാഹചര്യങ്ങളുമായി അവൻ പെട്ടെന്ന് പൊരുത്തപ്പെട്ടു .അങ്ങനെ ഒരു കുട വാങ്ങാനുള്ള കാശ് അവൻ ഉണ്ടാക്കിയെങ്കിലും അവന്റെ കള്ളന്മാരായ കൂട്ടുകാർ അവന്റെ കയ്യിൽ നിന്നും ആ പൈസ മോഷ്ടിക്കുകയും ചെയ്യുന്നു ഇങ്ങനെ ഒരുപാട് വർഷങ്ങൾ ശേഷം ബേബി ഒരു ഡോക്ടർ ആവുകയും ചെയ്തു .ഡോ. ബേബിയുടെ ശസ്ത്രക്രിയ ഒരു യുവതിയെരോഗമുക്തയാക്കി . രോഗിയുടെ രോഗം മാറ്റിയപ്പോൾ അവർ ബേബിയോട് എന്ത് പ്രതിഫലം വേണമെന്ന് ചോദിക്കുന്നു.പ്രതിഫലം പണമായി സ്വീകരിക്കാതെ ഒരു കൊച്ചു കുട മാത്രം മതിയെന്ന് അവൻ പറഞ്ഞു. സ്വന്തം കുടയിൽ നിന്ന് ഇറക്കിവിട്ട ഗ്രേസി ആയിരുന്നു ആ രോഗി . ലില്ലിയുടെ കല്യാണത്തോടെയാണ് കഥ അവസാനി ക്കുന്നത് .

ദാരിദ്ര്യത്തിന്റെ പട്ടുകുഴിയിൽ അനാഥത്വത്തിന്റെ ഹൃദയഭാരവും പേറി ജീവിക്കുന്ന രണ്ട് നിസ്സഹായരായ കുട്ടികളിൽ നിന്നാണ് കഥ ആരംഭിക്കുന്നതെങ്കിലും കഥാന്ത്യം അവർ സന്തോഷകരവും ഭദ്രവുമായ ജീവിതവും നയിക്കുന്നതായി കാണുന്നു.




അക്ഷജ് കെ എം
8B

# മരം

പെറുമരം മാനത്തെക്ക് നോക്കി. മേഘങ്ങൾ ചിത്രകഥ നടത്തുന്നു. “എനിക്ക് അങ്ങയുടെ അടുത്തേക്ക് എന്നാണ് എത്താൻ ആവുക? “ ദൈവത്തിൻറെ സാമീപ്യം അറിഞ്ഞ പെറുമരം പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. “നീ വളർന്ന്,ഭൂമിയിൽ ഒട്ടാകെ വേര് പടർന്ന് പിടിച്ച് ആകാശത്തിന്റെ തീയേരിയലിൽ നിന്നു ഭൂമിയെ സംരക്ഷിച്ചാൽ നിനക്ക് എന്റെ അരികിലേക്ക് എത്താം”- ദൈവം മന്ത്രിച്ചു. മരം ആകാവുന്നത്ര വെള്ളവും വളവും വലിച്ചെടുത്ത് മണ്ണിനടിയിലെ അഗാധമായിരുട്ടിനിടയിലേക്ക് വേരുകൾ പടർത്തി ആകാശത്തോളം ഗംഭീര്യത്തോടെ തന്റെ പത്തി വിടർത്തി വളർന്നു വളർന്നു വന്നു. ആകാശത്തോളം വളർന്ന മരം ആത്മാർത്ഥതയും സംതൃപ്തിയും സ്ഫു രിക്കുന്ന തേജസ്സോടെ ദൈവത്തെ നോക്കി. “ഇനി എന്നെ അങ്ങയുടെ മടിയിൽ ഇരുത്താമോ? “ മരം ഉത്സാഹത്തോടെ ചോദിച്ചു. ദൈവം ഭൂമിയിലെ വൈവിധ്യങ്ങൾക്ക് ഒരിക്കലും മനസ്സിലാക്കാനാവാത്ത ഒരു തിളക്കത്തോടെ പുഞ്ചിരിച്ചുകൊണ്ട് മരത്തിനായി കൈകൾ നീട്ടി .ഒരിക്കലും വാക്കുകൾ കൊണ്ട് വർണ്ണിക്കാനാവാത്ത ഉല്ലാസത്തോടെ,ദൈവത്തിൻറെ കൈ എത്തി പിടിക്കാനായി എന്തി.

എന്നാൽ പെട്ടെന്നാണ് തന്റെ കടുത്ത കനം കൂടിയ തൊലിയിൽ തന്റെ രക്ത നാഡികൾക്കിടയിൽ,അസ്ഥികൾക്കുള്ളിൽ ഒരു വിറയൽ അനുഭവപ്പെട്ടത്. മരം വേദനയോടെ ഒന്ന് പുളഞ്ഞു ..ഭൂമികുലുക്കത്തിന്റെ പ്രതീതിയോടെ മരം രണ്ട് കഷണമായി ഭൂമിയിലേക്ക് .....മണ്ണിലേക്ക് മറിഞ്ഞുവീണു.

മങ്ങിയണയുന്ന കാഴ്ച , ഒരു കോടാലിയുടെ മിന്നുന്ന തിളക്കം അവസാനമായി കാണിച്ചുകൊടുത്തു. തളർന്ന കണ്ണുകൾ ആ തിളക്കത്തിൽ നിന്നും ആകാശത്തേക്ക് ഉയർന്നു. ദൈവം നീട്ടിയ കരങ്ങൾ അപ്പോഴും പിൻവലിക്കാതെ,ദൈവം കാരുണ്യവും ആർദ്രതയും കലർന്ന ഭാവത്തോടെ, നിഗൂഢമായ ഒരു പുഞ്ചിരിയോടെ അപ്പോഴും അവിടെ തന്നെയുണ്ടായിരുന്നു.

എന്നാൽ, മരം ദൈവത്തിന് അടുക്കലേക്ക് തിരിച്ചെത്തി.ഭൂമിയിൽ വെളിച്ചത്തിന്റെ, തെളിച്ചത്തിന്റെ,പച്ചപ്പിന്റെ പെറുനാമ്പുകൾ ആയി പുനർജനിച്ചു.

ആഷാറോസ്
10D

## ഒട്ടകങ്ങളുടെ അന്താരാഷ്ട്രവർഷം 2024



# മരുഭൂമിയിലെയും ഉയർന്ന പ്രദേശങ്ങളിലെയും നായകന്മാർ

ഐക്യരാഷ്ട്രസഭ 2024 ഒട്ടകങ്ങളുടെ അന്താരാഷ്ട്ര വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു .ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ നിർദ്ദേശ പ്രകാരമാണ് ഇങ്ങനെയൊരു വർഷം ആചരിക്കുന്നത് .90ലധികം രാജ്യങ്ങളിലായി പ്രാദേശിക ജനവിഭാഗങ്ങളുടെയും ലക്ഷക്കണക്കിന് കുടുംബങ്ങളുടെയും ഉപജീവനത്തിൽ ഒട്ടകങ്ങൾ പ്രധാന പങ്കുവഹിക്കുന്നതായി ഈ വർഷം ചൂണ്ടിക്കാണിക്കുന്നു .ഒട്ടകങ്ങളുടെ ഉപയോഗസാധ്യതകളെ കുറിച്ച് അവബോധ സൃഷ്ടിക്കുക ,ഒട്ടക മേഖലയിൽ കൂടുതൽ നിക്ഷേപം വർദ്ധിപ്പിക്കുക, ഗവേഷണം ,ശേഷി വികസനം, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം എന്നിവയാണ് ഒട്ടകങ്ങളുടെ അന്താരാഷ്ട്ര വർഷം ലക്ഷ്യമിടുന്നത് .പട്ടിണിക്ക് എതിരായ പോരാട്ടം കടുത്ത ദാരിദ്രനിർമാർജനം ,സ്ത്രീ ശാക്തീകരണം ,ഭൗമ പരിസ്ഥിതി വ്യവസ്ഥകളുടെ സുസ്ഥിര ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ ഒട്ടകങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.



പാൽ ,മാംസം ,നാരുകൾ ,ജൈവവളങ്ങൾ എന്നീ ഉൽപ്പന്നങ്ങൾ ഒട്ടകങ്ങളിൽ നിന്ന് ലഭിക്കുന്നു .മറ്റ് ജീവികൾക്ക് നിലനിൽക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ പോലും ഇവയ്ക്ക് ജീവിക്കാൻ സാധിക്കുന്നു. ക്യാമലിഡേ എന്ന ജീവശാസ്ത്ര കുടുംബത്തിലെ അംഗങ്ങളാണ് ഒട്ടകങ്ങൾ .ഡ്രോമെഡറി ഒട്ടകങ്ങൾ ,ബാക്ടീരിയൻ ഒട്ടകങ്ങൾ ,ലാമകൾ അൽപാക്കകൾ ,വികുനകൾ ,ഗ്വാനക്കോകൾ എന്നിവയാണ് പ്രധാന വിഭാഗങ്ങൾ .

ജനങ്ങൾ ഗതാഗത മാർഗ്ഗമായും ഇവയെ ഉപയോഗപ്പെടുത്തുന്നു.
കഠിനമായ സാഹചര്യങ്ങളെ അതിജീവിക്കുന്നു .
ഭക്ഷ്യസുരക്ഷ ,പോഷകാഹാരം ,സാമ്പത്തിക വളർച്ച എന്നിവ ഉറപ്പാക്കാൻ സഹായിക്കുന്നു .
കാലാവസ്ഥ വിതിയാനത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ഒട്ടകങ്ങൾക്കുള്ള ഗുണങ്ങൾ അംഗീകരിക്കേണ്ടതാണ് .ഉയർന്ന പർവത പ്രദേശങ്ങളിലും വരണ്ടതും അർദ്ധവരണ്ടതും ആയ സാഹചര്യങ്ങളിലും ലഭ്യമായ പ്രകൃതി വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ അവർക്ക് കഴിവുണ്ട് .അതിനാൽ വരണ്ട പ്രദേശങ്ങളിലെയും ഉയർന്ന പ്രദേശങ്ങളിലെയും നായകന്മാരായി അവരെ വിശേഷിപ്പിക്കുന്നു.





### കാമലിഡുകളുടെ പ്രാധാന്യം

ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഇവ പ്രധാന പങ്കുവഹിക്കുന്നു. പട്ടിണിയെ ചെറുക്കാൻ പാലിന്റെയും മാംസത്തിന്റെ ഉറവിടമാണ്.
വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് നാരുകൾ നൽകുന്നു.
കൃഷിക്ക് ഉപയോഗിക്കാവുന്ന ജൈവവളങ്ങൾ നൽകുന്നു .

അർഷിത
9E

കഥ

# ഒച്ചയില്ലാത്ത നിലവിളികൾ

നീ എന്നെ എപ്പോഴും ഒരാളെ ഓർമിപ്പിക്കുന്നു. എന്നാൽ ആ ഓർമ്മകൾ എനിക്കെന്നും സങ്കടമേ തരാറുള്ളൂ. നിന്റെ മനുഷ്യവർഗ്ഗത്തോട് വെറുപ്പും ...ഇലകൾ കൊഴിഞ്ഞു ഉണങ്ങി വരണ്ട് ദ്രവിക്കാറായി നിൽക്കുന്ന ആ മരക്കൊമ്പിൽ ഇരുന്ന് മഞ്ഞക്കിളി ഒച്ചയെടുത്തു പറഞ്ഞു ."എന്നോട് പറയാമോ,ആരാണെന്ന് ?" മരച്ചോട്ടിൽ കിളിയെ നോക്കി ഒടിഞ്ഞിരുന്ന ചുള്ളൻ മുടിയും നക്ഷത്രങ്ങൾ വിതറിയ കണ്ണുകളും ഉള്ള പെൺകുട്ടിയുടെ മുഖം പെട്ടെന്ന് തന്നെ പ്രസന്നമായി ."വലിയ കഥയാണ് .ഇനിയത് കേട്ടിട്ട് പിന്നെ ചിണുങ്ങരുത്", കുഞ്ഞിക്കിളി താക്കീത് നൽകി. പെൺകുട്ടി ഇല്ലെന്ന് ചിരിച്ചുകൊണ്ട് തലയാട്ടി.

അവൾ നിന്നെപ്പോലെ തന്നെയായിരുന്നു. ചുരുളൻ മുടിയും തിളക്കമാറുന്ന എന്നാൽ തിളക്കം എന്തെന്നറിയാൻ ശേഷിയില്ലാത്ത കണ്ണുകളും .എന്നാൽ ഒരു വ്യത്യാസം ,അവൾ അനാഥയായിരുന്നു ..ആരോരുമില്ലാത്തവൾ. എന്നാൽ അവൾക്ക് പുഴയുണ്ടായിരുന്നു കൂട്ടിന്. 'പുഴയോ' പെൺകുട്ടി കഥപറച്ചിൽ ഭംഗിച്ചു കൊണ്ട് ചോദ്യം ചോദിച്ചു ."അതേ" , 'നാട്ടുകൾ തോറും ഒഴുകി ഒഴുകി മറുനാടൻ വിശേഷങ്ങൾ അവളുമായി പങ്കുവെച്ചിരുന്ന പുഴ '.പകൽ മുഴുവൻ ഭിക്ഷയെടുത്ത് വൈകുന്നേരം ആയാൽ അവൾ പുഴക്കരയിലേക്ക് ചെല്ലും .രാത്രി വൈകുവോളം പുഴയുമായി സംസാരിച്ചിരിക്കും .പുഴ പറയുന്ന വിശേഷങ്ങൾ ശ്രദ്ധയോടെ കേൾക്കും .പെൺകുട്ടിയുടെ ശ്രദ്ധ തന്റെ വാക്കുകളിൽ ആണോ എന്ന് ഉറപ്പുവരുത്താനായി മഞ്ഞക്കിളി ഒന്നു നിർത്തി .പെൺകുട്ടി വളരെ ആകാംക്ഷയോടെ ചെവികൾ കൂർപ്പിച്ചിരിക്കുന്നത് കണ്ടപ്പോൾ വളരെ ഗൗരവമേറിയ കിളിയുടെ മുഖം പുഞ്ചിരി കൊണ്ട് വിടർന്നു .

ബാക്കി കേൾക്കാനായി പെൺകുട്ടിക്ക് തിടുക്കമായി .അങ്ങനെ അങ്ങനെ ഒരു ദിവസം പുഴ ക്ഷീണിതനും ദുഃഖിതനും ആയാണ് വന്നെത്തിയത് .കാര്യം അന്വേഷിച്ചപ്പോൾ മനസ്സിലായത് ഗവൺമെൻറ് പുഴ മണ്ണിട്ടുമൂടി അവിടെ എന്തൊക്കെയോ നിർമ്മിക്കാനായി ആസൂത്രണം ചെയ്തിരിക്കുന്നു. അവളുടെ ഹൃദയത്തിന്റെ മിടിപ്പിന്റെ താളം വരെ തെറ്റിപ്പോയതായി തോന്നി ആ വാർത്ത കേട്ട നിമിഷം.അവൾ ആകാവുന്നത്ര ശ്രമിച്ചു നോക്കി .എവിടെ പോകണമെന്നോ എന്ത് ചെയ്യണമെന്നോ അവൾക്ക് അറിയില്ല .പലപല ഗവൺമെൻറ് ഓഫീസുകളിലും കാര്യാലയങ്ങളിലും അവൾ കയറിയിറങ്ങി .പുഴയെ കൊന്നു കളയുന്ന തീരുമാനത്തിനെതിരെ പ്രതിഷേധിച്ചു, ബഹളം കൂട്ടി .എന്നാൽ എല്ലാവരും ഒരു നായയെ പോലെ അവളെ ആട്ടിയോടിച്ചു .

അവസാനം ആ ദിവസവും വന്നെത്തി...... പുഴക്കരയിൽ കൂർത്ത പല്ലുകളും നഖങ്ങളും ഉയർത്തി രാക്ഷസ വാഹനങ്ങൾ നിരന്നെത്തി. മൗനമായി നിർവികാരമായി ഒഴുകുന്ന പുഴയുടെ ഹൃദയത്തിലേക്ക് കത്തി മുനകൾ നിറയ്ക്കാനായി തയ്യാറായി നിന്നു. ആ സമയം എവിടെനിന്നോ പ്രത്യക്ഷപ്പെട്ട് ,ഒരു ഭ്രാന്തിയെ പോലെ അവൾ ആ രാക്ഷസ വാഹനങ്ങളുടെ രക്തം വീഴുന്ന ദംഷ്ട്രകൾക്കു മുമ്പിൽ ചാടി വീണ് അലറി വിളിച്ചു .എന്നാൽ കരുണയില്ലാത്ത ആ ദുഷ്ട വാഹനം അതിന്റെ കൂർത്ത നഖങ്ങൾ കൊണ്ട് അവളെ തട്ടിത്തെറിപ്പിച്ചു .പുഴയുടെ സമീപത്തിൽ ജീവിതം തള്ളിനീക്കിയ ആ പാവം മനുഷ്യക്കുരുന്ന് പുഴയുടെ ആഴമേറിയ മടിത്തട്ടിൽ തന്നെ അന്ത്യശ്വാസം വലിച്ചു. മഞ്ഞക്കിളി കണ്ണീരിന്റെ നനവോടെ കഥ പറച്ചിൽ നിർത്തി ."അപ്പോൾ പുഴ"? ഇടറിയ ശബ്ദത്തോടെ പെൺകുട്ടി ചോദിച്ചു .ആ പുഴക്കരയിൽ ആണ് കുഞ്ഞേ നാം ഇപ്പോൾ ഇരിക്കുന്നത്. നിസ്സഹായയായി പ്രതിഷേധാഗ്നിയോടെ ആളിക്കത്തിയ ആ പെൺകുട്ടിയുടെ ശവപ്പറമ്പായ ആ പുഴയാണ് നമ്മുടെ മുമ്പിൽ. തങ്ങൾക്കു മുമ്പിൽ ഒരു പുൽനാമ്പു പോലും മുളക്കാതെ പരന്നുകിടക്കുന്ന തരിശുഭൂമിയിലേക്ക് കണ്ണോടിച്ചുകൊണ്ട് മഞ്ഞക്കിളി ചിലച്ചു. ഒന്നും ഉരിയാടാതെ തലകുനിച്ചിരിക്കുന്ന പെൺകുട്ടിയെ കുഞ്ഞിക്കിളി ശ്രദ്ധിച്ചു .ഒരു നിമിഷം ഇളം പിങ്ക് നിറമുള്ള മങ്ങിയ നരച്ച അവളുടെ കുഞ്ഞു ഉടുപ്പിൽ രണ്ട് കണ്ണീർ തുള്ളികൾ ഇറ്റി വീണു. അതിന് രക്തത്തിന്റെ ചുവപ്പ് നിറവും തീക്കനലിന്റെ താപവും ആയിരുന്നു.

**ആഷാറോസ്**
10D



# അണ്ടലൂർ മഹോത്സവം

ഉത്തര മലബാറിലെ പുണ്യപുരാതന ആരാധനാലയങ്ങളിൽ ഒന്നാണ് അണ്ടലൂർ കാവ്.
കണ്ണൂർ ജില്ലയിൽ ധർമ്മടം ഗ്രാമത്തിലെ അണ്ടലൂർ ദേശത്ത് സ്ഥിതി ചെയ്യുന്ന പ്രശസ്തമായ കാവാണിത്. മഹാവിഷ്ണുവിൻറെ അഞ്ചാമത്തെ അവതാരമായ പരശുരാമനാണ് ഈ കാവ് നിർമ്മിച്ചത് എന്നാണ് വിശ്വാസം.
ക്ഷേത്രത്തിൽ രണ്ട് കാവുകൾ ഉണ്ട് മേലേക്കാവും താഴേക്കാവും. പണ്ട് താഴെക്കാവ് വിശുദ്ധ തോട്ടമായിരുന്നു.അപൂർവയിനം സസ്യലതാധികളുടെ കേന്ദ്രം. എന്നാൽ ജനസാന്ദ്രതയേറിയ ഈ പ്രദേശത്ത്, ഇന്ന് മനുഷ്യരുടെയും മൃഗങ്ങളുടെയും പ്രവർത്തനം കൊണ്ട് പല സസ്യ ജാതികളും നഷ്ടപ്പെട്ടു. രാമായണ കഥയെ അടിസ്ഥാനമാക്കിയുള്ള കളിയാട്ടമാണ് ഇവിടെ നടക്കുന്നത്. മഹത്തായ ഇതിഹാസമായ രാമായണത്തിലെ യുദ്ധകാണ്ഡം ദൃശ്യവൽക്കരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന അപൂർവ്വ സ്ഥലങ്ങളിൽ ഒന്നാണ് അണ്ടലൂർ കാവ് .
രാമനും ലക്ഷ്മണനും ഹനുമാനും യഥാക്രമം ദൈവത്താർ ,അംഗകാരൻ , ബപ്പൂരൻ എന്നിവേഷങ്ങളിൽ കെട്ടിയാടപ്പെടുന്നു ഒരുമിച്ചാണ് കോലം കെട്ടിയാടുന്നത് .എല്ലാവർഷവും മലയാള മാസം കുംഭം ഒന്നാം തീയതി മുതൽ ഏഴാം തീയതി വരെയാണ് ഉത്സവം നടക്കുന്നത്.
അണ്ടലൂർ ,മേലൂർ, പാലയാട് ,ധർമ്മടം എന്നീ നാല് ദേശവാസികളും ക്ഷേത്രോത്സവത്തിൽ ഒറ്റ മനസ്സോടെ പങ്കെടുക്കുന്നു.
ഒന്നാം തീയതി അനുഷ്ഠാനങ്ങളോടെ ക്ഷേത്രപ്രവേശന ചടങ്ങാണ്.
രണ്ടാം തീയതിയുള്ള പ്രധാന ചടങ്ങാണ് ചക്ക കൊത്ത്. ഈ ചടങ്ങിനു ശേഷം മാത്രമേ ഗ്രാമവാസികൾ ചക്ക ഭക്ഷിക്കാറുള്ളൂ.
കുംഭം മൂന്നിന് മേലൂരിൽ നിന്ന് പുറപ്പെടുന്ന കുടവരവ് കാവിൽ പ്രവേശിക്കുന്നതോടെ ഉത്സവം മോടിയേറുന്നു. കുംഭമാസം നാലാം തീയതി മുതൽ കെട്ടിയാടൽ ആരംഭിക്കുന്നു . പെരുവണ്ണാൻ, മുന്നൂറ്റാൻ എന്നീ സമുദായക്കാരാണ് കോലം കെട്ടുന്നത്.
അതിരാവിലെ സീതയും മക്കളും (അതിയാളരും മക്കളും )കെട്ടിയാടുന്നതോടുകൂടി കെട്ടിയാട്ടം ആരംഭിക്കുന്നു.വേട്ടക്കൊരു മകൻ, നാക്കണ്ടൻ, നാപ്പോതി, തൂവക്കാലി ,ചെറിയ ബപ്പൂരൻ തുടങ്ങിയ

തെയ്യങ്ങൾ കെട്ടുകയും ഭക്തർക്ക് ദർശനം നൽകുകയും ചെയ്യുന്നു.. ഉച്ചയ്ക്കുള്ള പ്രധാന ചടങ്ങാണ് ബാലി -സുഗ്രീവ യുദ്ധം.



വൈകുന്നേരം ദൈവത്താറീശ്വരന്റെ എഴുന്നള്ളത്തും തറമ്മൽ കയറലും വില്ലാർ കുട്ടികളുടെ മെയ്യാലു കൂടലും കാണാൻ നിറഭക്തിയോടെ ഗ്രാമവാസികൾ മുഴുവൻ എത്തുന്ന കാഴ്ച അത്ഭുതാവഹമാണ്. വെളുത്ത തോർത്തും ബനിയനും ധരിച്ച ആൺകുട്ടികൾ നാലു ദേശത്തുനിന്നും കാവിലേക്ക് എത്തുന്ന കാഴ്ച തന്നെ മനോഹരമാണ് .ഭക്തരുടെ നേർച്ച സ്വീകരിച്ച ശേഷം രാത്രിയാകുമ്പോൾ താഴെക്കാവിലേക്ക് എഴുന്നള്ളുന്നു.വിശ്രമത്തിനുശേഷം ഒരു മണിക്കൂർ നീളുന്ന കളിയാട്ടം നടക്കുന്നു. ഇത് രാമ -രാവണയുദ്ധത്തെ യാണ് സൂചിപ്പിക്കുന്നതെന്ന് പറയുന്നു. കുംഭം ഏഴാം തീയതി വരെ ഈ കെട്ടിയാട്ടങ്ങൾ തുടരുന്നു. ഉത്സവത്തിന്റെ പ്രധാന ആകർഷണമാണ് വെടിക്കെട്ട്. വെടിക്കെട്ട് കാണാൻ മാത്രമായി ദൂരദേശങ്ങളിൽ നിന്നു പോലും ആളുകൾ എത്താറുണ്ട്.

അണ്ടലൂർ കാവിലെ ആരാധന മൂർത്തികൾ ആകുന്ന തെയ്യക്കോലങ്ങളിൽ ശ്രീ ദൈവത്താറീശ്വരൻ സാക്ഷാൽ ശ്രീരാമനായും ശ്രീ അങ്കക്കാരൻ സഹോദരനായ ലക്ഷ്മണനായും ശ്രീബപ്പൂരൻ ഹനുമാനായും ഇവിടെ പുനർജനിക്കുന്ന കാഴ്ചയാണ്. ഉത്സവത്തിന് ധർമ്മടഗ്രാമത്തിനകത്തും പുറത്തും നിന്നെത്തുന്ന ഭക്തജനങ്ങൾക്ക് നൽകുന്ന പ്രധാന നിവേദ്യം അവിലും മലരും പഴവും ആണ്. അതിഥികളെ, അപരിചിതരായാൽ പോലും ,സ്വീകരിച്ച് നിവേദ്യവും ഊണും നൽകുന്നത് ഗ്രാമവാസികൾക്ക് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്.

ധർമ്മടം ഗ്രാമത്തിൻറെ ആത്മസത്തയായ ഈ ഉത്സവ വേളയിൽ ഗ്രാമത്തിലെ മുഴുവൻ ആളുകളും മത്സ്യമാംസാദികൾ വർജ്ജിച്ച് ,പരിശുദ്ധ വ്രതനിഷ്ഠയോടെ ക്ഷേത്രോത്സവത്തിൽ സംബന്ധിക്കുന്നത് ഈ ക്ഷേത്രത്തിൻറെ മാത്രം പ്രത്യേകതയാണ്.





ശ്രീനന്ദ് 10E

# ജീവിതശൈലി രോഗങ്ങൾ

ഇന്നത്തെപ്പോലെ നിറയെ വാഹനങ്ങളിൽ ഇല്ലാതിരുന്ന ആ കാലത്ത് .....നടന്നോ കാളവണ്ടിയിലോ സൈക്കിളിലോ ആണ് ആളുകൾ യാത്ര ചെയ്തിരുന്നത്. അയഞ്ഞ, അധികം ഇറുക്കം ഇല്ലാത്ത പരുത്തി വസ്ത്രങ്ങളാണ് അവർ ധരിച്ചിരുന്നത്. ധാരാളം പച്ചക്കറികളും പഴങ്ങളും കിഴങ്ങുകളും നിറഞ്ഞ നാടൻ ഭക്ഷണരീതി അവർ ശീലിച്ചിരുന്നു.

കാലം എത്ര വേഗത്തിലാണ് മാറുന്നത്... ചുറ്റും പുക തൊപ്പി ഓടുന്ന വാഹനങ്ങൾ, ഇറുക്കിപ്പിടിച്ച,കാറ്റ് കടക്കാത്ത വസ്ത്രങ്ങൾ, ഫാസ്റ്റ് ഫുഡ് സ്റ്റോറുകളിലും ബേക്കറികളിലും രാത്രി വൈകുവോളം ഉള്ള തിരക്ക്, വറുത്തതും പൊരിച്ചതും കൊഴുപ്പുനിറഞ്ഞതുമായ ഭക്ഷണം. കാലത്തിൻറെ മാറ്റങ്ങൾ എല്ലാ മേഖലയിലും വന്നു. ഒരുകാലത്ത് നമ്മെ പിടികൂടിയിരുന്ന പകർച്ചവ്യാധികൾ ഒക്കെ നിയന്ത്രണവിധേയമായി.ആരോഗ്യ മേഖലയിൽ നമ്മുടെ കേരളം ഒരുപാട് മുന്നേറിയിരിക്കുന്നു. ആരോഗ്യ മേഖലയിൽ കേരളം വികസിത രാജ്യങ്ങളോടൊപ്പം ആണ് .കേരളത്തെ ആരോഗ്യ സുരക്ഷയ്ക്ക് മാതൃകയായി ലോകാരോഗ്യ സംഘടന തന്നെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. .

എന്നാൽ മാറുന്ന സാഹചര്യങ്ങൾ കേരളത്തെ രോഗാതുര സമൂഹമാക്കി മാറ്റിയിരിക്കുന്നു. നിശബ്ദ കൊലയാളികളായ ജീവിതശൈലി രോഗങ്ങളുടെ പിടിയിലാണ് നമ്മുടെ സമൂഹം. പ്രായഭേദമന്യേ പ്രതീക്ഷിക്കാത്ത നേരത്ത് ആഗ്രഹിക്കാതെ തന്നെ മരണം പലപ്പോഴും കടന്നുവരുന്നു..പലരും രോഗശയ്യയിൽ ആകുന്നു.

**എന്താണ് ജീവിതശൈലി രോഗങ്ങൾ ?**

അനാരോഗ്യകരമായ ജീവിത രീതി കൊണ്ടും ഭക്ഷണ ശീലങ്ങൾ കൊണ്ടും നമുക്ക് ഉണ്ടാകുന്ന രോഗാവസ്ഥയാണ് ജീവിതശൈലി രോഗങ്ങൾ.

പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗം, ഉയർന്ന കൊളസ്ട്രോൾ നില, പൊണ്ണത്തടി, മാനസിക സമ്മർദ്ദം തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിതശൈലി രോഗങ്ങൾ കേരളത്തിൽ വളരെ കൂടുതലാണ്.

**എന്തൊക്കെയാണ് അനാരോഗ്യകരമായ ജീവിത രീതികൾ?**

**വ്യായാമം ഇല്ലായ്മ**

ഒരുകാലത്ത് കൂടുതൽ ആളുകളും അധ്വാനമുള്ള ജോലികളിലാണ് ഏർപ്പെട്ടിരുന്നത്.എന്നാൽ ഇന്ന് അധ്വാന ഭാരം കുറഞ്ഞ ജോലികളാണ് ആളുകൾക്ക് താൽപര്യം. ശാരീരിക അധ്വാനം വേണ്ടിവരുന്ന പല ജോലികളും യന്ത്രങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. വീട്ടു ജോലികൾ ചെയ്തിരുന്ന സ്ത്രീകൾക്ക് പോലും സ്വിച്ചിട്ടാൽ എല്ലാ ജോലിയും നടക്കും എന്ന അവസ്ഥയായി. സ്കൂൾ ബസുകൾ വ്യാപകമായതോടെ കുട്ടികളുടെ നടത്തവും കുറഞ്ഞു. തുറന്ന കളിസ്ഥലത്ത് കളിച്ചിരുന്ന കുട്ടികൾ മുറിക്കുള്ളിലെ വീഡിയോ, കമ്പ്യൂട്ടർ ഗെയിമുകളിലേക്ക് മാറി.

**ആഹാരരീതിയിൽ വന്ന മാറ്റം**

അമിത ഭക്ഷണം, സമയനിഷ്ഠ ഇല്ലായ്മ, ബേക്കറി പലഹാരങ്ങളുടെ അമിത ഉപയോഗം, കൊഴുപ്പേറിയ ഭക്ഷണം, പാചകരീതിയിൽ വന്ന മാറ്റങ്ങൾ ഇവയെല്ലാം നമ്മുടെ ആരോഗ്യത്തിന് ദോഷം ചെയ്യുന്നു.

**ലഹരി വസ്തുക്കളുടെ ഉപയോഗം**

നമ്മുടെ പുതുതലമുറ പോലും ലഹരി വസ്തുക്കളോട് അമിതമായ ആസക്തി കാണിക്കുന്നു. പുകവലി, മദ്യപാനം, മയക്കമരുന്നുകളുടെ ഉപയോഗം ഇവയും നമ്മുടെ അനാരോഗ്യം ക്ഷണിച്ചുവരുത്തുന്നു.

**മാനസിക സമ്മർദ്ദം**

നമ്മുടെ ജീവിതത്തിൽ ഇന്ന് കാണുന്ന പല സൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്ത് ഒരുപാട് അംഗങ്ങളോടൊപ്പം ഒരു വീട്ടിൽ കഴിഞ്ഞിരുന്ന നമ്മൾ വളരെ സന്തോഷവാന്മാരായിരുന്നു. പങ്കുവയ്ക്കാൻ ഒരുപാട് കൂട്ടുകാരും ബന്ധുജനങ്ങളും കൂടെയുണ്ടായിരുന്നു. എന്നാൽ ഇന്ന് അണു കുടുംബം എന്ന സങ്കല്പം യാഥാർത്ഥ്യമായതോടെ കാര്യങ്ങൾ മാറിമറിയുന്നു. ഒറ്റപ്പെടൽ, തിരക്കുപിടിച്ച ജീവിതം,സ്കൂളിലും ജോലി സ്ഥലത്തും ഉണ്ടാകുന്ന സമ്മർദ്ദങ്ങൾ എല്ലാം മാനസിക സ്വസ്ഥത നഷ്ടപ്പെടുത്തുന്നു.

# പ്രകൃതിയുടെ തീരാ ദുഃഖങ്ങൾ

അനേകം ജീവജാലങ്ങളാൽ സമ്പന്നമാണ് ഈ ലോകം. അവയ്ക്ക് ചുറ്റുമുള്ള പ്രകൃതിദത്തമായ ചുറ്റുപാടാണ് പരിസ്ഥിതി. പുഴകളും ആറുകളും മലനിരകളും മറ്റനേകം ജീവജാതികളും എല്ലാം ഈ പരിസ്ഥിതിയെ മനോഹരമാക്കുന്നു. ശുദ്ധജലം,മണ്ണ്,ആഹാരം തുടങ്ങി നമുക്ക് വേണ്ടതെല്ലാം അത് നൽകുന്നു. എന്നാൽ നാം അതിനെ തിരിച്ച് നൽകുന്നതോ? ഇടിച്ചുനിരത്തി മലകളും വെട്ടി നശിപ്പിച്ച കാടുകളും മണ്ണിട്ട് നികത്തിയ വയലുകളും....എല്ലാം മനുഷ്യൻറെ മാത്രം ക്രൂരമായി ഇടപെടലുകൾ.... ഇതു കാരണമാണ് പ്രകൃതിയുടെ നാശം എന്ന് ഓർക്കുമ്പോൾ "മനുഷ്യൻ ഭൂമിയുടെ കാൻസർ": എന്ന് വിശേഷിപ്പിച്ച ചിന്തകനെ അനുസ്മരിച്ചു പോകുന്നു. കാടെവിടെ മക്കളെ, മേടെവിടെ മക്കളെ എന്ന വരികൾ പ്രകൃതിക്ക് നേരെയുള്ള മനുഷ്യന്റെ ക്രൂരതകളെ ചൂണ്ടിക്കാട്ടു കയാണ് . പ്ലാസ്റ്റിക് മലിനീകരണം ഏറ്റവും വലിയ വെല്ലുവിളിയാണ്. ജലം,മണ്ണ്, വായു തുടങ്ങിയ പ്രകൃതി സന്തുലിതാവസ്ഥയെ ഇത് തകർക്കുന്നു. കാലാവസ്ഥ വ്യതിയാനങ്ങൾ പ്രകൃതി നേരിടുന്ന ചൂഷണങ്ങൾക്ക് ഉദാഹരണമാണ്. 2018ലെ പ്രളയം നമ്മുടെ മനസ്സിൽ എന്നും ഒരു മായാത്ത ഓർമ്മയായി അവശേഷിക്കുന്നു.

"ഒരു തൈ നടാം നമുക്ക് അമ്മയ്ക്ക് വേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്ക് വേണ്ടി
ഒരു തൈ നടാം 100 കിളികൾക്ക് വേണ്ടി
ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി"

കവി സ്വപ്നം കാണുന്നത് പോലെ പ്രകൃതിയെ നിലനിർത്താൻ നമുക്കും ശ്രമിക്കാം. പ്രകൃതിയെ തിരിച്ചുപിടിക്കാം എന്ന് നമുക്കും പ്രത്യാശിക്കാം.

ആത്മികാപവനൻ

8C

**GOVT. BRENNEN HIGHER SECONARY SCHOOL ,THALASSERY**

LITTLE KITE UNIT

***BATCH 2022-25***